# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഹമ്മ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 5-1214/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഹമ്മ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-എ.എൽ.പി./പി 5-1214/2023 തീയ്യതി: 15/11/2023

## ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.വി.കെ.പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജിജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സ്വപ്ന ഷാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പി വി വിനോദ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ശ്രീദേവി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ജ്യോതി ജെ. | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 14-08-2022 |
| ഡോ.വി.എസ്.ശശികല | മെഡിക്കൽ ഓഫീസർ , ആയുർവേദം | 15-08-2022 | 31-03-2023 |
| ഡോ.ജീന എൻ കെ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.ഹാഷീഫ് എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കായിപ്പുറം സർക്കിൾ) | 01-04-2022 | 07-08-2022 |
| ശ്രീമതി. ജയശ്രീ.കെ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കായിപ്പുറം സർക്കിൾ) | 08-08-2022 | 05-10-2023 |
| ശ്രീമതി. ജയശ്രീ.കെ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കായിപ്പുറം സർക്കിൾ) | 19-12-2022 | 12-03-2023 |
| ശ്രീ. അനീഷ് കെ.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കായിപ്പുറം സർക്കിൾ) | 13-03-2023 | 31-03-2023 |
| ശ്രീമതി.റാൻസി പീറ്റർ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2022 | 17-05-2022 |
| ശ്രീമതി.അപർണ്ണ എ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 18-05-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ പി എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സുരേഷ് പി പണിക്കർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.വിമല.പി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.വിഷ്ണു എസ് | അസ്സി എഞ്ചിനിയർ | 01-04-2022 | 21-09-2022 |
| ശ്രീമതി. ശാലിനി ബാലകൃഷ്ണൻ | അസ്സി എഞ്ചിനിയർ | 22-09-2022 | 31-03-2023 |
| ശ്രീമതി.ലീന ഡെന്നീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സീമ റോസ് | അസി.സെക്രട്ടറി | 01-04-2022 | 28-10-2022 |
| ശ്രീ.അശോകൻ.ടി.വി | അസി.സെക്രട്ടറി | 29-10-2022 | 31-03-2023 |
| ശ്രീമതി സുമ പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മുഹമ്മ സർക്കിൾ) | 01-04-2022 | 07-08-2022 |
| ശ്രീ.ആന്റണി റോഷൻ കാർഡോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മുഹമ്മ സർക്കിൾ) | 08-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പഞ്ചായത്തിന്റെ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | തെറ്റായ ശീർഷകത്തിൽ തുകകൾ വരവ് വെച്ചു | 1-1-3 |
| 5 | ഡയറകൂലി ക്രഡിറ്റഡ് ബൈ ബാങ്ക്- തുകകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചില്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല | 1-1-6 |
| 8 | വിവിധ രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 21 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-11 |
| 22 | വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 23 | കെട്ടിടങ്ങൾ തരം മാറ്റിയിട്ടില്ല | 1-13 |
| 24 | തൊഴിൽ നികുതി - ഈടാക്കുന്നതിലെ അപാകതകൾ | 1-14 |
| 25 | ഇ-ടെണ്ടർ ഫീസ് - അക്കൗണ്ടിലെ അപാകത | 1-15 |

| | | |
|---|---|---|
| 26 | ഡി. & ഒ. ലൈസൻസ് -റിസോർട്ടുകൾ, അക്ഷയകേന്ദ്രങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായവയ്ക്ക് ലൈസൻസ് നല്കുന്നില്ല | 1-16 |
| 27 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-17 |
| 28 | പാതിരാമണൽ പ്രവേശന പാസ് -കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ | 1-18 |
| 29 | വൻതുക സേവിംഗ് ബാങ്കിൽ സൂക്ഷിക്കുന്നതുമൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം | 1-19 |
| 30 | തെരുവ് വിളക്ക് ലൈൻ വ്യാപനം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 31 | പാതിരാമണൽ ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കൽ -പൂർത്തീകരണ രേഖകൾ ലഭ്യമല്ല | 1-21 |
| 32 | മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ- അധിക തുക നല്കി | 1-22 |
| 33 | പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-23 |
| 34 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 1-24 |
| 35 | തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 1-25 |
| 36 | എച്ച്.എം., ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ ലാപ്ടോപ്പ് വിതരണം -വിവിധ അപാകതകൾ | 1-26 |
| 37 | എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം -കാറ്ററിംഗ് യൂണിറ്റിന് അധികം തുക നല്കി | 1-27 |
| 38 | എസ്. സി. വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - തുക അധികം നല്കി | 1-28 |
| 39 | സ്കൂളുകൾക്ക് ഫർണീച്ചർ - പ്രോജക്റ്റ് ലക്ഷ്യത്തിൽ നിന്നും വ്യത്യസ്തമായ ഉപകരണങ്ങൾ വാങ്ങി | 1-29 |
| 40 | ട്രൈബൽ ഡെവലപ്പ്മെന്റ് ഫണ്ട് യഥാസമയം വിനിയോഗിക്കാതെ പദ്ധതി പാതി വഴിയിൽ | 1-30 |
| 41 | തൊഴിലുറപ്പ് പദ്ധതി - അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങളെക്കാൾ അധിക തൊഴിൽ ദിനങ്ങൾ അനുവദിച്ച് മസ്റ്റർ റോൾ തയ്യാറാക്കി | 1-31 |
| 42 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച് | 1-32 |
| 43 | വയോജനങ്ങൾക്ക് കട്ടിൽ-അർഹതാ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല | 1-33 |

| | | |
|---|---|---|
| 44 | കന്നുകുട്ടി പരിപാലന പദ്ധതി- വനിത-വിനിയോഗ രേഖകൾ ലഭ്യമല്ല | 1-34 |
| 45 | ഐ.കെ.എം-ന് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-35 |
| 46 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച് | 1-36 |
| 47 | കരാർ ജീവനക്കാർക്ക് അധികമായി ഏൺഡ് ലീവ് സറണ്ടറും ലീവും അനുവദിച്ചിരിക്കുന്നു | 1-37 |
| 48 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കരാർ ജീവനക്കാർക്ക് അധികമായി ഏൺഡ് ലീവ് സറണ്ടർ തുക അനുവദിച്ചു | 3-1 |
| 2 | മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ- അധിക തുക നല്കി | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി | 3-3 |
| 4 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല | 3-4 |
| 5 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 3-5 |
| 6 | എച്ച്.എം. നിർവ്വഹണം നടത്തിയ ലാപ്ടോപ്പ് വിതരണം - വിവിധ അപാകതകൾ | 3-6 |
| 7 | എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം - കാറ്ററിംഗ് യൂണിറ്റിന് അധികം തുക നല്കി | 3-7 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023-ലെ കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

തെറ്റായ ഇൻകം & എക്സ്പൻറിച്ചർ സ്റ്റേറ്റ്മെന്റ് ആണ് എയിംസ് മുഖേന ഇ-സബ്മിറ്റ് ചെയ്തിരിക്കുന്നത്.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) റേഷ്യോസും, അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകളും അടുത്ത സാമ്പത്തിക വർഷം മുതൽ ലഭ്യമാക്കുന്നതാണെന്ന് മറുപടി നല്കി.

1-1-2 ക്യാഷ് ഫ്ലോ പത്രിക പഞ്ചായത്തിന്റെ യഥാർത്ഥ ചിത്രം പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)28,03,315/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [49,48,084/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) അപാകത പരിഹരിക്കുന്നതിന് സോഫ്റ്റ് വെയർ സപ്പോർട്ടറായ ഐ.കെ.എം-ന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി.

1-1-3 തെറ്റായ ശീർഷകത്തിൽ തുകകൾ വരവ് വെച്ചു

A)180400101-Recovery From Employees -Audit Recovery Based On Charge Certificate, 180400199-Recovery From Employees - Others എന്നീ ശീർഷകങ്ങളിൽ യഥാക്രമം നല്കിയിട്ടുള്ള 990/-രൂപ, 566/-രൂപ എന്നിവ യഥാർത്ഥത്തിൽ 180400103- Recovery From Employees - Audit Recovery Based On Audit Report/Audit Enquiry എന്ന ശീർഷകത്തിലാണ് വരവിലെടുക്കേണ്ടിയിരുന്നത്.

B)വിധവകളുടെ പെണ്മക്കളുടെ വിവാഹ സാമ്പത്തിക സഹായത്തിനായി ലഭിച്ച തുക (1,50,000/-രൂപ) 160100739-State Sponsored Schemes- Financial Help For Widow's Daughters Marriage എന്ന ഹെഡിൽ വരവ് വെയ്ക്കുന്നതിന് പകരം 160100737-State Sponsored Schemes-Destitute/widow Pension എന്ന ഹെഡിൽ വരവ് വെച്ചിരിക്കുന്നു.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

1-1-4 ഡയറക്ടലി ക്രഡിറ്റഡ് ബൈ ബാങ്ക്- തുകകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചില്ല

എസ്.ബി.ഐ ഇ-പേയ്മെന്റ് (37037089950) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ഇൻറു ബാങ്ക്, ഡയറക്ടലി ക്രഡിറ്റഡ് ബൈ ബാങ്ക്, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ്, കാഷ് ഓർ ചെക്ക് ഡെപ്പോസിറ്റഡ് എന്നിങ്ങനെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി (അവ ചെക്കുകളല്ല) ധാരാളം തുകകൾ നല്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

A)"പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ " എന്ന പദ്ധതി പ്രകാരം തൻവർഷം 2,23,000/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതായി കാണുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുക

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implimenting Agencies - Deposit With Kerala Water Authority എന്ന ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

B)പാതിരാമണൽ ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം തൻവർഷം 5,72,979/-രൂപ അനെർട്ടിൽ നിക്ഷേപിച്ചതായി കാണുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implementing Agencies - Deposit With Anert എന്ന ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) അടുത്ത സാമ്പത്തിക വർഷം വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

## 1-1-6 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

A)Temporary Advance For Official Purposes ഇനത്തിൽ 2018-19-ൽ കൃഷി ഓഫീസർക്ക് നല്കിയ 198/-രൂപയും, വെറ്റിനറി സർജന് 2021-22-ൽ നല്കിയ 3,535/-രൂപയും നാളിതുവരെയായും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

B)Advance To Implimenting Agencies -Deposit With KWA, എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുകകളിൽ 2017 മുതലുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

C)Advance To Implimenting Agencies -Deposit With KSEB, എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുകകളിൽ 2013 മുതൽക്കുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

D)Advance To Beneficiary Committee Conveners എന്നയിനത്തിൽ 2018-19 ലെ 176/2018 നമ്പർ പ്രോജക്റ്റിനായി നല്കിയിട്ടുള്ള 2,42,037/-രൂപ നാളിതു വരെയായും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു.

## 1-1-7 വിവിധ രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

A).സ.ഉ.(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 13,76,000/രൂപ അനുവദിച്ചതായി കാണുന്നു. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ ഈ അലോട്ട്മെന്റ് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് റോഡ് അക്കൌണ്ടിലേയ്ക്ക് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

B).വസ്തു നികുതിയുടെ സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ടും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

C).വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax Employees ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് 17,00,010/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം തൻവർഷത്തെ ഡിമാന്റ് 17,08,543/-രൂപയെന്ന് കാണുന്നു.

D).വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6-ൽ Contributions Towards Other Schemes- From District Panchayats എന്നയിനത്തിൽ വരവായി നെഗറ്റീവ് തുക [ (-)4,33,476/-രൂപ] ഉൾപ്പെട്ടിരിക്കുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ

അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-1-9 ആസ്തികൾ പൂർണമായും ഉൾപ്പെടുത്തിയില്ല

A).പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം 415120001-Local Self Government Institution Officer Building-Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

B).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 420800201-Investments Fixed Deposits എന്നയിനത്തിൽ 50,00,000/-രൂപ മാത്രമാണ് ആസ്തിയായി കാണിച്ചിരിക്കുന്നത്. എന്നാൽ സൌത്ത് ഇന്ത്യൻ ബാങ്കിലുള്ള ടേം ഡെപ്പോസിറ്റ് അക്കൌണ്ട് സ്റ്റേറ്റ്മെന്റ് (അക്കൌണ്ട് നം.0902101000000513) പരിശോധിച്ചതിൽ 31.03.2023-ൽ 5295427/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. 20.11.2021-ൽ ആരംഭിച്ച ഈ ടേം ഡെപ്പോസിറ്റിൽ ലഭിച്ച പലിശ (2021-22- 74632/-രൂപ, 2022-23- 220795/-രൂപ വരവിലെടുത്തതായി കാണുന്നില്ല.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.20.09.2023) അടുത്ത വർഷം വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

## 1-2 ബജറ്റ്

24.3.2022 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 28,87,72,336 | 28,69,22,000 |
| വാർഷികകണക്ക് പ്രകാരം | 17,02,21,504 | 17,21,37,660 |

29.03.23 ലെ 5(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 25,89,39,836 | 25,65,03,500 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,68,20,968 |
| വരവ് | 3,95,64,532 |
| ആകെ | 6,63,85,500 |
| ചെലവ് | 3,46,16,448 |
| നീക്കിയിരിപ്പ് | 3,17,69,052 |

## 1-4 ഗ്രാന്റ് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 51,56,878 | 1,26,51,122 | 1,78,08,000 | 1,73,63,699 | 4,44,301 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 4,38,894 | 31,55,106 | 35,94,000 | 34,91,389 | 1,02,611 |

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ടി.എസ്.പി) | 0 | 56,516 | 1,33,484 | 1,90,000 | 1,78,252 | 11,748 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | | 68,85,300 | 68,85,300 | 33,08,716 | 35,76,584 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | | 58,75,000 | 58,75,000 | 44,71,318 | 14,03,682 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് -ട്രഷറി | 0 | | 8,22,403 | 8,22,403 | 3,85,882 | 4,36,521 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 4,43,460 | | 46,45,000 | 50,88,460 | 25,18,560 | 25,69,900 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ട്രഷറി | 0 | | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് -ബാങ്ക് | 2,57,318 | | 32,26,217 | 34,83,535 | 29,71,708 | 5,11,827 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി,റ്റി.എസ്.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1,26,51,122 | 1,78,08,000 |
| ചെലവ് | 1,73,63,699 | 1,73,63,699 |
| നീക്കിയിരിപ്പ് | (-)47,12,577 | 4,44,301 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 31,55,106 | 35,94,000 |
| ചെലവ് | 34,91,389 | 31,55,106 |
| നീക്കിയിരിപ്പ് | (-)3,36,283 | 1,02,611 |

3.വികസന ഫണ്ട് (റ്റി.എസ്.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1,33,484 | 1,90,000 |
| ചെലവ് | 1,78,252 | 1,78,252 |
| നീക്കിയിരിപ്പ് | (-)44,768 | 11,748 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 4,43,460 |
| വരവ് | 54,67,403 | 54,67,403 |
| ആകെ | 54,67,403 | 59,10,863 |
| ചെലവ് | 29,04,442 | 29,04,442 |
| നീക്കിയിരിപ്പ് | 25,62,961 | 30,06,421 |

5.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 2,57,318 |
| വരവ് | 30,97,000 | 30,97,000 |
| പലിശ | 0 | 1,29,217 |
| ആകെ | 30,97,000 | 34,83,535 |
| ചെലവ് | 29,71,708 | 29,71,708 |
| നീക്കിയിരിപ്പ് | 1,25,292 | 5,11,827 |

സ.ഉ(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ

അനുവദിച്ച 13,76,000/രൂപ വരവിൽ കാണിച്ചിട്ടില്ലാത്തതിനാൽ വരവിലും, നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

6.മെയിന്റനൻസ് ഫണ്ട് റോഡ്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 55,09,300 | 68,85,300 |
| ചെലവ് | 33,08,716 | 33,08,716 |
| നീക്കിയിരിപ്പ് | 22,00,584 | 35,76,584 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 197 | 3,66,64,600 | 172 | 2,69,09,490 | 31 | 25 | 71.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 587 | 19,44,573 | 19,45,160 | 19,45,160 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7,04,84,840 | 7,04,84,840 | 7,04,84,840 | 0 |
| ആകെ | 587 | 7,24,29,413 | 7,24,30,000 | 7,24,30,000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 15,02,800 | 140 |
| വിധവാ പെൻഷൻ | 8,32,4800 | 902 |
| വാർദ്ധക്യകാല പെൻഷൻ | 2,09,89,700 | 2561 |
| വികലാംഗ പെൻഷൻ | 40,69,800 | 398 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 8,76,800 | 94 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2023-ൽ 12.30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,541/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കൃത്യമായ രീതിയിൽ ലൈസൻസ് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധനയെ തുടർന്ന് ഉപയോഗ ശൂന്യമായവ കട്ട് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകിയിട്ടും ടാപ്പുകൾ നാളിതുവരെ കട്ട് ചെയ്തിട്ടില്ല. നടപടികൾ വൈകുന്നതിനാൽ അധിക ചെലവിന് കാരണമാകുന്നു. ഇത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുഹമ്മ ഗ്രാമപഞ്ചായത്തിൽ ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 68,00,000 | 78,14,147 | 10,14,147 |
| തൊഴിൽ നികുതി (തൻവർഷം) | 25,00,000 | 21,16,870 | -3,83,130 |
| വാടക വരവ് | 2,20,000 | 4,55,953 | 2,35,953 |
| ഫീ & യൂസർ ചാർജ് | 13,20,000 | 6,39,388 | -6,80,612 |
| സെയിൽ & ഹയർ ചാർജസ് | 2,57,500 | 61,196 | -1,96,304 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 3,50,000 | 0 | -3,50,000 |
| പലിശ ലഭിച്ചത് | 6,50,000 | 8,46,392 | 1,96,392 |
| മറ്റു വരവുകൾ | 2,80,000 | 1,556 | -2,78,444 |
| ആകെ | 1,23,77,500 | 1,19,35,502 | -4,41,998 |

ബജറ്റും യഥാർത്ഥ വരവുകളും തമ്മിൽ വലിയ അന്തരമുണ്ട്.

വസ്തു നികുതി കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിക്കൽ, മറ്റു പ്രചാരണ നടപടികൾ സ്വീകരിച്ചിരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

01.04.2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിന് 14.09.2023-ൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ പുതിയ നികുതി നിരക്കുകൾ പ്രാബല്യത്തിലായിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം.85/2023/lsgd/31.3.23 പ്രകാരം 10.04.2023 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ പെർമിറ്റ് അപേക്ഷാ ഫീ, പെർമിറ്റ് ഫീ എന്നിവ ഈടാക്കുന്നുണ്ട്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം കുടിശ്ശികയും ആയത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സോഫ്റ്റ്‌വെയറിൽ ആയത് ലഭ്യമായതിനാൽ സൂക്ഷിക്കുന്നില്ല എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

സ.ഉ(കൈ) നം. 117/2022/lsgd തീയതി 01.06.2022 നമ്പർ സർക്കുലർ പ്രകാരം നികുതിയിനങ്ങളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് മൂന്ന് മാസത്തിലൊരിക്കൽ ഭരണസമിതി യോഗങ്ങളിൽ സമർപ്പിക്കാറില്ലെന്നും നികുതി- നികുതിയേതര വരവുകളുടെ അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭയിൽ നടത്തിയിട്ടില്ലെന്നുമാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുള്ളത്.

ഓരോ കെട്ടിടവിഭാഗത്തിന്റെയും അടിസ്ഥാന നിരക്കുകൾ, മേഖല വിഭജനം എന്നിവ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

2022-23 ൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ്/ ക്രമവത്കരണം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 5 എണ്ണം അപാകതകൾ പരിഹരിക്കാത്തതിനാൽ തീർപ്പകൽപ്പിക്കാതെയുണ്ട്.

മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

ഫലവൃക്ഷങ്ങൾ ലേലത്തിനായി വച്ചെങ്കിലും ആരുംതന്നെ പങ്കെടുക്കുന്നില്ല.

ടർഫ്, കേബിൾ ടി.വി. നെറ്റ്‌വർക്ക് തുടങ്ങിയവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നില്ല.

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവരിൽ സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, റേഷൻകട വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാകുന്നില്ല. ഇവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല.

വസ്തു നികുതിയിന്മേൽ സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ല. ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടുമില്ല.

നിരവധി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്റ്റുഡിയോകൾ, സ്ക്രാപ്പ് ഡീലർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്കൂൾ, ഇറച്ചിക്കോഴി/ ഇറച്ചിക്കടകൾ, അക്ഷയ സെന്ററുകൾ, പാൽ സൊസൈറ്റികൾ, റേഷൻകടകൾ, വാഹന വർക്ക്ഷോപ്പ്, വാഹന സ്പെയർപാർട്സ്, ബ്യൂട്ടിപാർലർ, സിമന്റ്/കെട്ടിട നിർമ്മാണ സാമഗ്രികൾ വില്പനശാലകൾ തുടങ്ങി ഗ്രാമപഞ്ചായത്തിലെ എല്ലാ വ്യാപാരികളും ലൈസൻസ് എടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചാൽ നികുതി, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാവുന്നതാണ്.

മുഹമ്മ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിനോദ സഞ്ചാര സാധ്യത ഏറെയുള്ള പാതിരാമണൽ ദ്വീപ് കേന്ദ്രീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാടോടെ 2023-24 ഏപ്രിൽ 21 മുതൽ 25 വരെ പാതിരാമണൽ ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് പാതിരാമണൽ പ്രവേശനത്തിനായി ഒരു പ്രവേശന പാസ് ഏർപ്പെടുത്തിയിട്ടുണ്ട്. വേമ്പനാട്ട് കായലിനെയും പാതിരാമണലിനെയും കരപ്പുറത്തിന്റെ സിലിക്കാമണലിനെയും പ്രയോജനപ്പെടുത്തി തനതുവരുമാനം കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 1-11 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ കാണുന്നു.

| ക്രമ നം. | കെട്ടിട നം./വിസ്തൃതി ($M^2$) | ഉടമ | അപാകത |
|---|---|---|---|
| 1 | 1/509/A (95.91) | കവിത വി.എസ്. | തണ്ണീർമുക്കം- ആലപ്പുഴ റോഡിൽ നിന്നും (5 മീറ്ററിൽ അധികം വീതിയുള്ള റോഡ്) സ്വകാര്യവഴിയുള്ള ടി കെട്ടിടത്തിന് നികുതിയിന്മേൽ 20% വർദ്ധനവ് വരുത്തിയിട്ടില്ല. |
| 2 | 2/2B (239.78) | സജീവ്, വല്ലയിൽ | 1) 239.78$M^2$ വിസ്തൃതിയുള്ള താഴത്തെ നില വാണിജ്യാവശ്യത്തിനുള്ളതാണ്. ആയതിന് 80/- രൂപ |

| | | | |
|---|---|---|---|
| | 2/2<br>C-24.78,<br>D-41.2,<br>E-40.66,<br>F-41.2,<br>G-40.66<br>H-41.22,<br>I-42.6)<br>ആകെ-<br>(272.32) | | നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുമുണ്ട്. പ്ലാൻ പ്രകാരം ഒന്നാം നിലയിലുള്ളത് 6 ചെറിയ വീട്ടുകളാണ്. ഈ മുറികൾ സ്പെഷ്യൽ റസിഡൻഷ്യൽ എന്നാണ് പ്ലാനിൽ കാണിച്ചിട്ടുള്ളത്. സ്പെഷ്യൽ റസിഡൻഷ്യൽ /ലോഡ്ജിംഗ് ഹൗസസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ എല്ലാ മുറികളും പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തി 7/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.<br>2) $239.78M^2$ വിസ്തൃതിയുള്ള താഴെത്തെ നിലയുടെ മുകളിൽ $272.32M^2$ വിസ്തൃതിയിൽ ഒന്നാം നില നിർമ്മിച്ചതായാണ് കാണുന്നത്. കെട്ടിടത്തിന്റെ പ്ലാൻ ഓഡിറ്റിൽ ഹാജരാക്കിയില്ല. പ്ലാൻ സങ്കേതത്തിൽ വ്യക്തമല്ലാത്തതിനാൽ ഡ്രൈവ് വേ, പാർക്കിംഗ് ഏരിയ എന്നിവ വ്യക്തമല്ല. ടൂവീലർ പാർക്കിംഗിനായി (ആകെ പാർക്കിംഗിന്റെ 25% ) സ്ഥലം നല്കിയിട്ടുള്ളതായി കാണുന്നില്ല. |
| 3 | 3/251, 251 A To H<br>252 D To H & I | പേൾ സ്പോർട്ട് റിസോർട്സ് | 252 D To H എന്ന കെട്ടിടം 6 നിലകളുള്ള റിസോർട്ടാണ്. ഈ റിസോർട്ടിന്റെ കെട്ടിടങ്ങളിൽ സെൻട്രലൈസ്ഡ് എ.സി. ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. സെൻട്രലൈസ്ഡ് എ.സി.യ്ക്ക് ബാധകമായ 15% വർദ്ധനവ് വസ്തുനികുതിയിൽ ചേർത്തിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/30.9.23) മറുപടി ലഭ്യമാക്കിയില്ല. പ്ലാനുകൾ പരിശോധിച്ച് ആവശ്യമായ മേൽ നടപടികൾ

സ്വീകരിച്ചും ക്രമ നം.3 ലെ പേൾ സ്പോട്ട് റിസോർട്ടിന് സെൻട്രലൈസ്ഡ് എ.സി. ഉണ്ടോ എന്നത് ഉറപ്പാക്കി ഉള്ളപക്ഷം നികുതിയിൽ ആവശ്യമായ വർദ്ധനവ് വരുത്തിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി ഈടാക്കിയിട്ടില്ല

'കോവിലകം ലേക് സൈഡ് വില്ല ' (8/99,100,101,102,103)യുടെ ഉടമ ലീല ജോൺ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.7132/2019(N), Dt.11.3.2019-ലെ ഉത്തരവിൽ ഉത്തരവ് തീയതിയിലെ സാമ്പത്തികവർഷം മുതൽ ടിയാരിയിൽ നിന്നും മുൻകാല പ്രാബല്യമില്ലാതെ സർക്കാർ അംഗീകരിച്ച നിരക്കിൽ തദ്ദേശസ്ഥാപനത്തിന് വസ്തു നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 2017 മുതൽ ടിയാരി വസ്തു നികുതി അടവാക്കാത്തതായി കാണുന്നു. സഞ്ചയ പ്രകാരം ടിയാരിയുടെ 5 കെട്ടിടങ്ങളിൽ നിന്നുമായി 2017 മുതൽ താഴെപ്പറയും പ്രകാരം പ്രതിവർഷ നിരക്കിൽ വസ്തുനികുതി അടവാക്കാനുണ്ട്.

8/99 – 909/-

8/100- 10400/-

8/101- 10400/-

8/102- 25596/-

8/103- 1850/-

2019 മുതലുള്ള കുടിശ്ശിക ഈടാക്കാതെ ലൈസൻസ് അനുവദിച്ചതിന് (ലൈസൻസ് രജിസ്റ്റർ ക്രമ നം. 171, തപാൽ നം.313/22) വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.9.23) ന് ലഭ്യമാക്കിയ മറുപടിയിൽ ബഹു. കോടതി ഉത്തരവ് പ്രകാരമുള്ള നികുതി ക്രമീകരണങ്ങൾ വരുത്തുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ നിർവ്വാഹമില്ലാത്തതിനാലാണ് നികുതി ഈടാക്കാത്തതെന്നും നികുതി ഈടാക്കിയാൽ സഞ്ചയയിൽ ആയത് 2019 മുമ്പ് കുടിശ്ശികയുള്ള വർഷത്തെ നികുതിയായി മാറുകയാണെന്നും ഈ അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് സൂചിക മുഖേന IKMനെ അറിയിച്ചിട്ടുള്ളതാണെന്നും നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നികുതി അടവാക്കുന്നതിന് ഉടമ തയ്യാറാണെന്നാണ് സെക്രട്ടറി നേരിൽ അറിയിച്ചത്.
സൂചിക മുഖേന പഞ്ചായത്ത് നല്കിയ അപേക്ഷ വ്യക്തമല്ലാത്തതിനാലാണ് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ സാധിക്കാതിരുന്നതെന്നും പഞ്ചായത്ത് വ്യക്തമായ രേഖകളോടെ അപേക്ഷിക്കുന്നപക്ഷം മാറ്റം വരുത്തുന്നതാണെന്നാണ് ആലപ്പുഴ ജോയിന്റ് ഡയറക്ടർ ഓഫീസിൽ പ്രവർത്തിക്കുന്ന IKM ൽ നേരിട്ട് അന്വേഷിച്ചതിൽ അറിയുവാൻ സാധിച്ചത്. കോടതി ഉത്തരവിന്റെ പകർപ്പ് സഹിതം ഉചിതമാർഗ്ഗേണ വിഷയം അറിയിക്കേണ്ടതും അതു പ്രകാരം തുടർനടപടി സ്വീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-13 കെട്ടിടങ്ങൾ തരം മാറ്റിയിട്ടില്ല

(എ) 3/480 A, B, C എന്നീ കെട്ടിടങ്ങളിൽ ശ്രീ.സിറിയക് കെ. വർഗ്ഗീസിന് 'കായൽ ഹോംസ്, പാതിരാമണൽ ' എന്ന സ്ഥാപനത്തിന് ഡി & ഒ. ലൈസൻസ് അനുവദിച്ചിട്ടുണ്ട് (ലൈസൻസ് രജിസ്റ്റർ ക്രമ നം. 276, തപാൽ നം.1646/22). കെട്ടിടം പാർപ്പിടാവശ്യത്തിനുള്ളതായതിനാൽ തരം മാറ്റുന്നത് സംബന്ധിച്ച് സാക്ഷ്യപത്രം വാങ്ങിയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ടി കെട്ടിടങ്ങൾ ഇപ്പോഴും പാർപ്പിടാവശ്യത്തിനുള്ളതായാണ് കാണുന്നത്.

(ബി) 5/609A എന്ന കെട്ടിടത്തിൽ 'സൈറസ് റിസോർട്ട്' എന്ന സ്ഥാപനത്തിന് ലൈസൻസ്

അനുവദിച്ചിട്ടുണ്ട്. 21.3.22-ലെ ഓഫീസ് നോട്ട് പ്രകാരം മുൻവർഷത്തിൽ പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉള്ള കെട്ടിടം തരംമാറ്റാം എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചതായി കാണുന്നത്. എന്നാൽ നാളിതുവരെ ഈ കെട്ടിടം തരം മാറ്റിയതായി കാണുന്നില്ല. തൻവർഷവും ലൈസൻസ് നല്കിയിട്ടുണ്ട് (ലൈസൻസ് രജിസ്റ്റർ ക്രമ നം. 14, C1-1279/25.2.22). വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/25.9.23) ലഭ്യമാക്കിയ മറുപടിയിൽ തരം മാറ്റാത്തതിനാൽ തൻവർഷം (2023-24) ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2021-22 ൽ സാക്ഷ്യപത്രം നല്കി ലൈസൻസ് അനുവദിച്ചെങ്കിലും തരം മാറ്റാതെ വീണ്ടും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2022-23 ലും ലൈസൻസ് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. തൻവർഷം ലൈസൻസ് അനുവദിച്ചിട്ടില്ലെങ്കിലും സ്ഥാപനങ്ങൾ നിലവിലും പ്രവർത്തിക്കുന്നതായാണ് അറിയുന്നത്. തരം മാറ്റുന്നതിന് മറ്റു നിയമനടപടികൾ സ്വീകരിക്കാത്തതും ലൈസൻസില്ലാത്ത സ്ഥാപനം പ്രവർത്തിക്കുന്നതും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതും ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

### 1-14 തൊഴിൽ നികുതി - ഈടാക്കുന്നതിലെ അപാകതകൾ

മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | II |
| 2 | കെ.എസ്.എഫ്.ഇ. | II |
| 3 | കേരള ബാങ്ക് | II |
| 4 | സൗത്ത് ഇൻഡ്യൻ ബാങ്ക് | I & II |
| 5 | SCB-1670 | II |
| 6 | SCB-1300 | I & II |
| 7 | SBI മുഹമ്മ | II |
| 8 | KSEB | I & II |
| 9 | ലൈംഷെൽ കോ-ഓപ്പ. സൊസൈറ്റി | II (ജീവനക്കാരുടെ തൊഴിൽ നികുതി) |
| 10 | DGR റിസോർട്സ് (പ്രൈ.)ലി. | I & II |

കൂടാതെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരസഹകരണ സംഘം മാത്രമാണ് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് നല്കിയിട്ടുള്ള പല സ്ഥാപനങ്ങളും നല്കിയിട്ടുള്ള അപേക്ഷകൾ പ്രകാരം നിരവധി തൊഴിലാളികൾ/ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും തൊഴിൽനികതി ഡിമാന്റ് ചെയ്തതായോ അടവാക്കിയതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം /(ലൈസൻസ് രജിസ്റ്റർ ക്രമ നം.) | അപേക്ഷ പ്രകാരം |
|---|---|---|

| | | |
|---|---|---|
| | | ജീവനക്കാരുടെ എണ്ണം |
| 1 | പുത്തനങ്ങാടി ഷിയറിംഗ് ഫാക്ടറി | 31 |
| 2 | മുഹമ്മ ഗ്രാമപഞ്ചായത്ത് സ്മോൾ സ്കെയിൽ മാറ്റ്സ് & മാറ്റിംഗ്സ് മാനുഫാക്ചറേഴ്സ് കോ-ഓപ്പ. സൊസൈറ്റ് (പ്രൈ.) ലി.- A-1066 | ജീവനക്കാരുടെ എണ്ണം കാണിച്ചിട്ടില്ല. |
| 3 | ആലപ്പുഴ വൈക്കം കയർ കൺസ്യൂമർ സൊസൈറ്റി(പഞ്ചായത്തുവക ബിൽഡിംഗിൽ പ്രവർത്തിക്കുന്നു). | - ടി - |
| 4 | സൈറസ് റിസോർട്സ് ( 14) | 9 |
| 5 | പ്രകാശ് ഷിയറിംഗ് കമ്പനി & എക്സ്പോർട്ടിംഗ് (33) | 84 |
| 6 | ഏത്രീ ട്രേഡിംഗ് കമ്പനി (34) | 47 |
| 7 | അറയ്ക്കത്തറ റിക്ലമേഷൻസ് (52) | 13 |
| 8 | അരമാറ്റ്സ് ഇന്റർനാഷണൽ (53) | 12 |
| 9 | ഫൈബർ വേൾഡ്- യൂണിറ്റ് -2 (67) | 99 |
| 10 | ഫൈബർ വേൾഡ്- യൂണിറ്റ് -2 (69) (ഫൈബർ വേൾഡ് എന്ന സ്ഥാപനത്തിലെ ആകെ 29 പേർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്) | 99 |
| 11 | ആലപ്പി കമ്പനി (71) | 60 |
| 12 | ബ്രദേഴ്സ് കയർ മിൽസ് (പ്രൈ.) ലി.( 198) | 18 |
| 13 | ബ്രദേഴ്സ് കയർ മിൽസ് (പ്രൈ.) ലി.( 199) | 18 |
| 14 | ബ്രദേഴ്സ് കയർ മിൽസ് (പ്രൈ.) ലി.( 200) | 6 |
| 15 | വാലസ് ലാംഗ്ഫോർഡ് & അസോസിയേറ്റ്സ് (കയർ സ്റ്റോക്ക് & എക്സ്പോർട്ടിംഗ്) (241) | 16 |
| 16 | ലാലീല റിസോർട്സ് (259) | 6 |
| 17 | ട്രയാംഗിൾ വീവേഴ്സ് (പ്രൈ.)ലി. | 12 |
| 18 | കായീസ് പെട്രോൾ പമ്പ് | -- |
| 19 | PGപോളിമേഴ്സ് & കമ്പനി (യൂണിറ്റ് -1) (36) | 30 |
| 20 | PGപോളിമേഴ്സ് & കമ്പനി (യൂണിറ്റ് -2) (37) (PGപോളിമേഴ്സ് & കമ്പനിയുടെ പേരിൽ | 45 |

| | | |
|---|---|---|
| | ആകെ 45 പേരിൽ നിന്നമാത്രമാണ് തൊഴിൽ നികുതി ലഭിച്ചിട്ടുള്ളത്) | |

കൂടാതെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/21.9.23) ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ 1996-ലെ ഡി. & ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് നല്കുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

ജി.ഒ.(പി.)നം.80/2017/തസ്വഭവ.31.10.2017 പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233 എന്നീ വകുപ്പുകളിൽ വരുത്തിയ ഭേദഗതി പ്രകാരം ഡി. & ഒ. ലൈസൻസ് എന്നത് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ എന്നാക്കിയിട്ടുള്ളതും പട്ടിക-1 ൽ സേവനപ്രവർത്തനങ്ങളും സംരംഭക പ്രവർത്തനങ്ങൾക്കും എന്നിവ കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്. ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സേവനപ്രവർത്തനങ്ങളും സംരംഭക പ്രവർത്തനങ്ങൾക്കും അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് നല്കേണ്ടതാണ്.

തൊഴിൽ നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഈടാക്കേണ്ടവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുമില്ല. കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 2 മുതൽ 10 വരെ ചട്ടങ്ങൾ പ്രകാരം സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.
1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 (എ-കെ) വകുപ്പ് നിഷ്കർഷിക്കുന്ന പ്രകാരം തൊഴിൽ നികുതിയും കുടിശ്ശികയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫീസ് - അക്കൗണ്ടിലെ അപാകത

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മുഹമ്മ ശാഖയിൽ നിലവിലുണ്ടായിരുന്ന കറന്റ് അക്കൗണ്ടാണ് ഉപയോഗിച്ച് വരുന്നത്. പ്രസ്തുത അക്കൗണ്ടിൽ 11.6.20 മുതലാണ് ഇ ടെണ്ടർ ഫീസ് ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത അക്കൗണ്ടിലെ 20.7.23-ലെ നീക്കിയിരുപ്പ് 1,63,881/-രൂപയാണ്. എന്നാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടി അക്കൗണ്ടിൽ മറ്റ് ഇടപാടുകളും നടത്തിയിട്ടുള്ളതായി കാണുന്നു. ആയത് ഒഴിവാക്കി പ്രസ്തുത അക്കൗണ്ടിലൂടെ ഇ ടെണ്ടർ ഇടപാടുകൾ മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതണ്.

ബാങ്ക് ചാർജ്ജസ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും 2,567/- രൂപ ബാങ്ക് ഈടാക്കിയിട്ടുള്ളതായി കാണുന്നു. (11.6.20 മുതൽ 20.7.23 വരെ) എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി തുക ഉൾപ്പെടെയുള്ള നീക്കിയിരുപ്പ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/20.9.23) നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ

നീക്കിയിരുപ്പ് തുക തനത് ഫണ്ടിലേയ്ക്ക് ഒടുക്കിയതായും, ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഡി. & ഒ. ലൈസൻസ് -റിസോർട്ടുകൾ, അക്ഷയകേന്ദ്രങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായവയ്ക്ക് ലൈസൻസ് നല്കുന്നില്ല

1. ഹോം സ്റ്റേ, ലോഡ്ജിംഗ്, റിസോർട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണെങ്കിലും പല അപേക്ഷകളോടൊപ്പവും ആയത് സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ (ഒരെണ്ണം എടുത്തിട്ടുണ്ട്), അക്ഷയകേന്ദ്രങ്ങൾ, ഓഡിറ്റോറിയങ്ങൾ, ടർഫ്, പാൽ സൊസൈറ്റികൾ, ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ (3 ചിക്കൻ കടകൾ ലൈസൻസ് എടുത്തിട്ടുണ്ട്), ടർഫ്, പാൽ സൊസൈറ്റികൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/21.9.23) ലഭ്യമാക്കിയ മറുപടിയിൽ അക്ഷയകേന്ദ്രങ്ങൾ, ടർഫ്, ഓഡിറ്റോറിയങ്ങൾ എന്നിവ 1996-ലെ ഡി. & ഒ.ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ൽ ഉൾപ്പെടുന്നില്ല എന്നാണ്. ഇതു പ്രകാരം പുതിയ റിസോർട്ടുകൾക്കും ലൈസൻസ് നല്കുന്നില്ല. സഞ്ചയയിൽ റിസോർട്ടുകളായി ചേർത്തിട്ടുള്ള താഴെപ്പറയുന്നവയ്ക്കും ലൈസൻസ് നല്കിയതായി കാണുന്നില്ല.
1. ഇ. നാസർ, ശാന്തിതീരം ഹോളിഡേയ്സ് (പ്രൈ) ലി. (കെട്ടിട നം. 2/345)
2. ഡയറക്ടർ, പരാഗ് മോഡി (ലഗുണ കുമരകം ലേക് റിസോർട്ട്) (3/234)
3. രാജീവ് മേനോൻ, പാതിരാമണൽ വില്ല (3/236, 236A-H)
4. ശരത് നായർ, ഡി.ജി.ആർ. റിസോർട്സ് (3/256 – 264)
5. നജീബ് എച്ച്., തകിടിവെളിയിൽ (4/236B)

ഉദാഹരണമായി ലൈസൻസ് എടുക്കാത്ത രണ്ട് ഓഡിറ്റോറിയങ്ങളുടെ പേരുകളും ചേർക്കുന്നു
1. ഗൗരിനന്ദനം ഓഡിറ്റോറിയം
2. കൊമ്പിനാകുളങ്ങര ഓഡിറ്റോറിയം

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233 ബി പ്രകാരം ലൈസൻസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ വ്യക്തമാക്കിയിട്ടുമുള്ളതാണ്.

1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട് ആക്ട്, 1965 ലെ കേരള പ്ലേസസ് ഓഫ് റിസോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം ഏതു സ്ഥലത്തും സ്ഥിരമോ താൽക്കാലികമോ ആയ ഏതു നിർമ്മിതികളിലും പണം വാങ്ങിയോ പണം ലഭിക്കാനായി പ്രവേശനം നല്കിയോ നടത്തപ്പെടുന്ന സംഗീത, നൃത്ത, കായിക വിനോദങ്ങൾ, സർക്കസ്, തീയേറ്റർ, സംഗീതശാല, ബില്യർഡ്സ് റൂം, ജിംനേഷ്യം, ആയുധപരിശീലനം എന്നിവയ്ക്ക് ഉപയോഗിക്കുന്ന 50 ചതുരശ്രമീറ്ററിൽ അധികരിക്കുന്നവയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ് (ഈ നിയമത്തിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളവ ഒഴികെ).

1971-ലെ 27-ാം ആക്ട് പ്രകാരം (The Kerala Places Of Public Resort (Validation Of Levy And Collection Of Licence Fee Act 1971) പഞ്ചായത്തുകൾ റിസോർട്ടുകളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

കൂടാതെ ജി.ഒ.(പി.)നം.80/2017/തസ്വഭവ.31.10.2017 പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233 എന്നീ വകുപ്പുകളിൽ വരുത്തിയ ഭേദഗതി പ്രകാരം ഡി. & ഒ. ലൈസൻസ് എന്നത് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ എന്നാക്കിയിട്ടുള്ളതും പട്ടിക-1 ൽ സേവനപ്രവർത്തനങ്ങളും

സംരംഭക പ്രവർത്തനങ്ങൾക്കും എന്നിവ കൂട്ടിച്ചേർത്തിട്ടുള്ളതുമാണ്. ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സേവനപ്രവർത്തനങ്ങളും സംരംഭക പ്രവർത്തനങ്ങൾക്കും അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് നല്കേണ്ടതാണ്. ഇതു കൂടാതെ വിവിധ സർക്കാർ ഉത്തരവുകൾ/നിയമങ്ങൾ പ്രകാരം ലൈസൻസ് നേടേണ്ട വിവിധ സ്ഥാപനങ്ങൾ/സംരംഭങ്ങൾ സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തുന്ന ഭേദഗതികൾ, സർക്കാർ ഉത്തരവുകൾ എന്നിവ മനസ്സിലാക്കാതെ ഓഡിറ്റിൽ മറുപടി ലഭ്യമാക്കുന്നതും നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരം ലൈസൻസ് നല്കാതിരിക്കുന്നതും പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ലൈസൻസ് നല്കാതിരുന്നതുവഴി വൻതുക പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

## 1-17 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.23-ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎംഡി | 30978 | 2018-19 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎംഡി | 37009 | 2017-18 മുതൽ |
| 3 | കോൺട്രാക്ടേഴ്സ് എസ്.ഡി | 36825 | 2018-19 മുതൽ |
| 4 | ബിഡേഴ്സ് ഇഎംഡി | 1600 | 2017-18 മുതൽ |
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 10795 | 2018-19 മുതൽ |
| 7 | കോൺട്രാക്ടേഴ്സ് റിടെൻഷൻ | 172001 | 2018-19 മുതൽ |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/20.09.23) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 പാതിരാമണൽ പ്രവേശന പാസ് -കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ അനാസ്ഥ

മുഹമ്മ ഗ്രാമപഞ്ചായത്തിലെ വിനോദ സഞ്ചാര മേഖലയായ പാതിരാമണൽ ദ്വീപിലേക്കുള്ള പ്രവേശന പാസ് അച്ചടിച്ചതിന്റെയും വിതരണം നടത്തിയതിന്റെയും വിവരം രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ല. 10, 20, 50 എന്നീ തുകകളുടെ രസീതുകളാണ് അച്ചടിച്ച് നല്കിയിട്ടുള്ളത്. പാതിരാമണൽ പ്രവേശന ഫീസ് പിരിക്കുന്നതും തുക പഞ്ചായത്തിൽ അടവാക്കുന്നതും അവിടെ നിയോഗിക്കപ്പെട്ടിരിക്കുന്ന സെക്യൂരിറ്റിയാണ് നിർവ്വഹിച്ചുവരുന്നത്. കോവിഡിനു ശേഷം 01.06.2022 മുതലാണ് പാതിരാമണലിലേക്ക് പ്രവേശനത്തിനായി പഞ്ചായത്ത് രസീത് പ്രിന്റ് ചെയ്തിട്ടുള്ളത്. സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 3,30,000/- രൂപയുടെ പാസുകൾ പ്രിന്റ് ചെയ്തതായും 3,32,970/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായുമാണ് കാണുന്നത്. എന്നാൽ ലഭ്യമാക്കിയ Other Rent

Receivables Statement പ്രകാരം 318360/- രൂപ ലഭ്യമായതായാണ് കാണുന്നത്. 01.04.2022, 31.3.2023 എന്നീ തീയതികളിൽ പ്രവേശനപാസ് പിരിക്കുന്നവരുടെ കൈവശമുള്ള രസീതുകളുടെ എണ്ണം, പ്രിന്റ് ചെയ്തതിന്റെ എണ്ണം, വിതരണം ചെയ്തതിന്റെ എണ്ണം തുക അടവാക്കിയതിന്റെ കൃത്യമായ വിവരം എന്നിവ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/25.9.23) ന് മറുപടി ലഭ്യമാക്കിയില്ല. അച്ചടിക്കുന്ന രസീതുകളുടെ ഓരോ തരത്തിന്റെയും എണ്ണം, വിതരണം നടത്തിയതിന്റെ വിവരം, ഏതൊക്കെ രസീതുകളുടെ തുകയാണ് പഞ്ചായത്തിൽ അടച്ചത് എന്നതിന്റെ വിവരം, കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരികെ അടവാക്കിയ വിവരം 01.04.2022, 31.03.2023 എന്നീ തീയതികളിലെ രസീതുകളുടെ ഓപ്പണിംഗ് സ്റ്റോക്ക്, ക്ലോസിംഗ് സ്റ്റോക്ക് എന്നീ വിവരങ്ങൾ ലഭ്യമല്ല. പാതിരാമണൽ കുറേയേറെ കൗണ്ടർഫോയിലുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ക്രമപ്രകാരമല്ലാതെയും വേർതിരിച്ചെടുക്കാൻ പ്രയാസമുള്ള രീതിയിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

പാതിരാമണൽ ദ്വീപിലേക്കുള്ള പ്രവേശന പാസിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിൽ പഞ്ചായത്തധികൃതർ തികഞ്ഞ അനാസ്ഥയാണ് പുലർത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-19 വൻതുക സേവിംഗ് ബാങ്കിൽ സൂക്ഷിക്കുന്നതുമൂലം പലിശയിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം

മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ കേരള ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ (എസ്.ബി. അക്കൗണ്ട് - നം.24184) 2,25,33,170/- രൂപയും എസ്.ബി.ഐ.മുഹമ്മയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിൽ (നം. 089950) 15,96,624/- രൂപയുമായി ആകെ 2,41,29,794/- രൂപ 31.3.2023 ൽ നിലനിൽക്കുന്നുണ്ട്. നിലവിൽ ഫെഡറൽ ബാങ്കിലാണ് തനത് ഫണ്ട് നിക്ഷേപിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ചെലവുകൾക്കാവശ്യമായ തുക നിലനിർത്തി ബാക്കി തുക സ്ഥിരനിക്ഷേപമാക്കി മാറ്റാതിരുന്നതിനാൽ വൻതുക പലിശയിനത്തിൽ നഷ്ടമായി (2 കോടി രൂപയെങ്കിലും സ്ഥിരനിക്ഷേപമാക്കിയിരുന്നെങ്കിൽ കുറഞ്ഞത് 14 ലക്ഷം രൂപ പ്രതിവർഷം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കുമായിരുന്നു). ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-20 തെരുവ് വിളക്ക് ലൈൻ വ്യാപനം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.S0014/2023

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് ലൈൻ വ്യാപനം

വികസന ഫണ്ട്- 5,00,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം- 10,00,000/-രൂപ

ആകെ - 15,00,000/-രൂപ

ചെലവ് – 14,40,143/-

(1.ട്രഷറി ബിൽ നം.5 തീ. 23.06.2022- 5,00,000/-രൂപ

2.ചെക്ക് നം.532885 തീ. 14.11.2022- 9,40,143/-രൂപ (ജില്ലാ പഞ്ചായത്ത് ചെക്ക്))

നിർവ്വഹണം:- സെക്രട്ടറി

മുഹമ്മ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി-യിലേയ്ക്ക് മേൽ പ്രകാരം 14,40,143/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കെ.എ.സ്.ഇ.ബി-യ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. രേഖകളുടെ അഭാവത്തിൽ 14,40,143/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

### 1-21 പാതിരാമണൽ ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കൽ -പൂർത്തീകരണ രേഖകൾ ലഭ്യമല്ല

നിർവ്വഹണം:- സെക്രട്ടറി
പ്രോജക്ട് നം.S0019/2023

പ്രോജക്ടിന്റെ പേര് : പാതിരാമണൽ ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കൽ

അടങ്കൽ
വികസന ഫണ്ട്- 1,64,500/-രൂപ

തനത് ഫണ്ട്- 4,35,500/-രൂപ

ആകെ - 6,00,000/-രൂപ

ചെലവ് – 5,72,979/- രൂപ

(1.ട്രഷറി ബിൽ നം.25 തീ. 20.03.2023- 1,64,500/-രൂപ

2.ചെക്ക് നം.061318 തീ. 23.03.2023- 4,08,479/-രൂപ)

പാതിരാമണൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ അനെർട്ടിലേയ്ക്ക് മേൽ പ്രകാരം 5,72,979/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അനെർട്ടിന് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി നല്കി. രേഖകളുടെ അഭാവത്തിൽ 5,72,979/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-22 മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ- അധിക തുക നല്കി

നിർവ്വഹണം:- സെക്രട്ടറി
പ്രോജക്ട് നം.S0017/2023

പ്രോജക്ടിന്റെ പേര്: മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ

അടങ്കൽ- വികസന ഫണ്ട്- 2,00,000/-രൂപ

തനത് ഫണ്ട്- 1,37,000/-രൂപ

ആകെ - 3,37,000/-രൂപ

ചെലവ്-3,36,059/-

(1.ട്രഷറി ബിൽ നം.13 തീ. 10.10.2022- 2,00,000/-രൂപ

2.ചെക്ക് നം.056688 തീ. 12.10.2022- 1,36,059/-രൂപ (എ.ഡി.സി.ബി))

മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിച്ചയിനത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് (സിൽക്ക്) മേൽ പ്രകാരം 3,36,059/-രൂപ നല്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയെന്ന നിലയിൽ പ്രവൃത്തി നിർവഹണം നടത്തിയ സിൽക്കിന് സെന്റേജ് ചാർജിനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 8% തുക നല്കിയിട്ടുണ്ട്. ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 28.04.2021-ലെ ജി.ഒ(പി)67/2021/ധന ഉത്തരവ് ഖണ്ഡിക 7.1.iv പ്രകാരം ഒരു കോടി രൂപയിൽ താഴെ വരുന്ന പ്രവൃത്തികൾക്കെല്ലാം എസ്റ്റിമേറ്റ് മൂല്യത്തിന്റെ അല്ലെങ്കിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ (ഏതാണൊ കുറവ്) 8% സെന്റേജ് ചാർജായി നല്കാമെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത ഉത്തരവ് ഖണ്ഡിക 7.2-ൽ ബിഡ്ഡിംഗ് പ്രോസസ് കൂടാതെ അക്രഡിറ്റഡ് ഏജൻസി നേരിട്ടാണ് പ്രവൃത്തി നിർവഹിക്കുന്നതെങ്കിൽ 0.5% ഏജൻസിയിൽ നിന്നും റിക്കവറി നടത്തണമെന്ന് പറഞ്ഞിരിക്കുന്നു. ഇവിടെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ബിഡ്ഡിംഗ് കൂടാതെ നേരിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നതെങ്കിലും 0.5% റിക്കവറി നടത്തിയതായി കാണുന്നില്ല. തന്മൂലം 1,319/-രൂപയുടെ (ആകെ വേലമൂല്യം 263700/-രൂപ X 0.5%) നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ടി തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023) തുക ഈടാക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീസിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. അധികം നല്കിയ തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

നിർവ്വഹണം:- സെക്രട്ടറി
പ്രോജക്ട് നം.S0187/2023

പ്രോജക്ടിന്റെ പേര് : പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ

അടങ്കൽ- തനത് ഫണ്ട് -9,00,000/രൂപ

ചെലവ്- 2,23,000/-രൂപ (ചെക്ക് നം.9970314 തീ.09.03.2023)

മുഹമ്മ ഗ്രാമ പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ 141 പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത് വെള്ളക്കരം കുറവ് ചെയ്യുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 09.03.2023-ൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലായെന്ന് കാണുന്നു. പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കി കൊണ്ടിരിക്കുകയാണ്. പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് പഞ്ചായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള . പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 2,23,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023)

പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-24 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര്-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം
പ്രോജക്ട് നം.S0031/2023
നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 64,503/-രൂപ
ചെലവ്- 62,000/-രൂപ
(1.ബിൽ റെഫറൻസ് നം.22060552019800982487 തീ. 28.12.2022)

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിയിൽപ്പെടുത്തി തൻവർഷം ലാപ്ടോപ് വാങ്ങുന്നതിനും ക്യൂ.ആർ കോഡ് പ്രിന്റ് ചെയ്യുന്നതിനുമായി ആകെ 62,000/-രൂപ മേൽ ബിൽ പ്രകാരം കെൽട്രോണിന് കൈമാറിയിട്ടുണ്ട്. പതിമൂവായിരം ക്യൂ.ആർ കോഡ് പ്രിന്റ് ചെയ്യുന്നതിനായാണ് 12,000/-രൂപ കെൽട്രോണിന് കൈമാറിയിരുന്നത്. തൻവർഷം പഞ്ചായത്തിന് എണ്ണായിരം ക്യൂ.ആർ കോഡ് മാത്രമാണ് പ്രിന്റ് ചെയ്ത് നല്കിയിട്ടുള്ളത്. ആയതിന്റെ തുക 7,385/-രൂപ മാത്രമാണെന്നും അവശേഷിക്കുന്ന 4,615/-രൂപ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ നല്കുന്ന മുറക്ക് തിരികെ നല്കുന്നതാണെന്നും കെൽട്രോണിന്റെ 02.03.2023-ലെ KCC/CPG/CR-625/2022-23/1612 നമ്പർ കത്തിൽ പറഞ്ഞിരിക്കുന്നു. ടി തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20 തീ.26.09.2023) കെൽട്രോണിൽ നിന്നും തുക ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. തുക ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-25 തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവർത്തിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി 18,678/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3-3 ആയി ചേർത്തിട്ടുണ്ട്.

1-26 എച്ച്.എം., ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ ലാപ്ടോപ്പ് വിതരണം -വിവിധ അപാകതകൾ

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നം. S0180/23 - എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 2,04,000/- (വികസന ഫണ്ട് - എസ്.സി.പി.)

ചെലവ് - 1,87,500/- (ട്രഷറി ബിൽ 8/30.3.23)

ഈ പ്രോജക്ടിൽ 37,500/- രൂപ നിരക്കിൽ 5 കമ്പ്യൂട്ടറുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L569/28.3.23 പ്രകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി പട്ടികജാതി വികസന ഓഫീസ്, ആര്യാട് ബ്ലോക്കിൽ നല്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ വിദ്യാർത്ഥിയുടെ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള മാതാപിതാക്കളുടെയോ അപ്പൂപ്പൻ/അമ്മൂമ്മയുടെയോ പേരാണ് നല്കിയിട്ടുള്ളത്. ഇവരുടെ പേരിലാണ് പട്ടികജാതി വികസന ഓഫീസിൽ നിന്നും ആനുകൂല്യം വിതരണം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ വിദ്യാർത്ഥിക്ക് ആനുകൂല്യം മുമ്പ് ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഉദാഹരണമായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടത് ശോഭന, വടക്കേപ്പറമ്പിൽ എന്ന വ്യക്തിയാണെങ്കിലും കമ്പ്യൂട്ടർ നല്കിയിട്ടുള്ളത് ചെറുമകളായ ഗോപീകൃഷ്ണയ്ക്കാണ്.

ബി) കമ്പ്യൂട്ടറുകൾ വാങ്ങിയ ഇൻവോയ്സിൽ ലഭ്യമാക്കിയ കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിട്ടില്ല.

സി) സർക്കാർ ഉത്തരവ് (സാധാ) നം. 3947/2019/ പൊ.വി.വ., തീ. 27.09.2019 പ്രകാരം 5 വർഷ വാറണ്ടി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഇൻവോയ്സിൽ കമ്പ്യൂട്ടറിന്റെ വാറണ്ടിയെ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുമില്ല.

ഡി) കമ്പ്യൂട്ടർ നല്കിയിട്ടുള്ള ഗോപീകൃഷ്ണ ആർ. ഹാജരാക്കിയിട്ടുള്ളത് Calicut University- School Of Distance Education ന്റെ 16.05.2023 ലെ സ്റ്റഡി സർട്ടിഫിക്കറ്റാണ്. ആയതിൽ 'Gopikrishna R. Was A Student Of This Institution' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാരി ഏതു കാലയളവിൽ എന്ത് കോഴ്സിനാണ് പഠിച്ചിരുന്നത് എന്നതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടിയാരി 'പ്രോജക്ട് നം. 214/23- പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് ' പദ്ധതിയിൽ സ്കോളർഷിപ്പിനായി ഹാജരാക്കിയിട്ടുള്ളത് ഇതിനടുത്ത തീയതിയായ 23.03.23-ൽ 'Profinz' എന്ന സ്ഥാപനം നല്കിയിട്ടുള്ള 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ അംഗീകൃത സ്ഥാപനം' എന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റിലും 'Gopikrishna R. Was A Student Of This Institution' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഠിച്ച കോഴ്സോ കാലയളവോ അതിലും രേഖപ്പെടുത്തിയിട്ടില്ല. ടിയാരിക്ക് 2018-ൽ നേടിയ +2 യോഗ്യത മാത്രമാണുള്ളത്. അതായത് അപേക്ഷ നല്കിയപ്പോഴോ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയപ്പോഴോ ടിയാരി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല. കമ്പ്യൂട്ടറുകൾ വിതരണം നടത്തിയതിനു തൊട്ടു മുമ്പുള്ള ദിവസങ്ങളിലാണ് ടിയാരി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ളത്. കോഴ്സോ പഠന കാലയളവോ വ്യക്തമല്ലാതെ രണ്ടു സ്ഥാപനങ്ങൾ ഒരേ കാലയളവിൽ നല്കിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടിയാരിക്ക് കമ്പ്യൂട്ടറും മെരിറ്റോറിയസ് സ്കോളർഷിപ്പും നല്കിയിട്ടുള്ളത്. പഠിച്ച കോഴ്സ്, കോഴ്സ് കാലാവധി എന്നിവ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ട് നം. S0233/23 - എസ്. റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 80000/- (വികസന ഫണ്ട് - എസ്.സി.പി.)

- 10000/- (തനത് ഫണ്ട്)

ആകെ - 90000/-

ചെലവ് - 46986/- (ട്രഷറി ബിൽ നം.11/31.3.23)

-33014/- (2023-24 വർഷത്തെ ചെലവ്- ബിൽ റഫ. നം.200214677/19.6.23)

ആകെ - 80000/-

ഈ പ്രോജക്ടിൽ 40,000/- രൂപ നിരക്കിൽ 2 കമ്പ്യൂട്ടറുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L579/28.3.23 പ്രകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഇൻവോയ്സിൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള ലാപ്ടോപ്പുകൾ ഇതേ ദിവസം 'പ്രോജക്ട് നം. S0180/23

- എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ' എന്ന പ്രോജക്ടിനായി ഇതേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത് 37,500/- രൂപ നിരക്കിലാണ്. 2,500/- രൂപ നിരക്കിൽ 2 എണ്ണത്തിനായി 5,000/- രൂപ അധികം നല്കിയതായി കാണുന്നു.

ബി) ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

3) പ്രോജക്ട് നം. 42/23 – എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 204000/- (വികസന ഫണ്ട് - എസ്.സി.പി.)

- 21000/- (തനത് ഫണ്ട്)

ആകെ - 225000/-

ചെലവ് - 204000/- (ട്രഷറി ബിൽ നം.11/31.3.23)

16700/- (2023-24 വർഷത്തെ ചെലവ്)

ആകെ - 220700/- ബിൽ റഫ.നം.200214677/19.6.23)

ഈ പ്രോജക്ടിൽ 36,640/- രൂപ നിരക്കിൽ 5 ലാപ്ടോപ്പുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L314/25.1.23 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ മൗസ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ ഇൻവോയ്സ് നം. IT/22-23L568/28.3.23 പ്രകാരം 41,395/- രൂപയ്ക്ക് ഒരു ലാപ്ടോപ്പും വാങ്ങിയിട്ടുണ്ട്. ഇതേ തീയതിയിൽ പ്രോജക്ട് നം. S0180/23 നായി ഇതേ സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പ് 37,500/- രൂപയ്ക്കാണ് ഇതേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. ആയതിനാൽ 3,895/-രൂപ അധികം നല്കിയതായി കാണുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശം (2,3) എന്നിവയിൽ കമ്പ്യൂട്ടറുകൾ ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ തീയതിയിൽ അധിക നിരക്കിൽ വാങ്ങിയതുമൂലമുള്ള നഷ്ടമായ 5000+3895=8895/- രൂപ നിരാകരിക്കുന്നു.

പരാമർശം (1) ൽ ഗുണഭോക്താവിന്റെ കോഴ്സ്, കോഴ്സ് കാലാവധി എന്നിവ വ്യക്തമല്ലാത്തതിനാൽ ഗുണഭോക്താവിന് നല്കിയ കമ്പ്യൂട്ടറിന്റെ വിലയായ 37,500/- രൂപ തടസ്സപ്പെടുത്തുന്നു. കോഴ്സ്, കോഴ്സ് കാലാവധി എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1-27 എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം -കാറ്ററിംഗ് യൂണിറ്റിന് അധികം തുക നല്കി

പ്രോജക്ട് നം. 178/23 –

അടങ്കൽ - 50,000/- (തനത് ഫണ്ട്)

ചെലവ് - 50,000/-(വൗച്ചർ നം.2201170/31.3.2023- ചെക്ക് നം.712087/31.3.23)

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ 'എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം' എന്ന പ്രോജക്ടിൽ ഭക്ഷണം നല്കുന്നതിനായി ലഭിച്ച ക്വട്ടേഷനുകളിൽ ക്വട്ടേഷൻ നല്കിയ എസ്.എൻ.വി. കാറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനം എസ്.പി.സിയുള്ള ദിവസങ്ങളിൽ ഊണ്, ചപ്പാത്തി, ഇടിയപ്പം, പത്തിരി, കറി എന്നിവയിൽ ആവശ്യമുള്ളത് 25/- രൂപ നിരക്കിൽ സ്കൂളിൽ എത്തിച്ചുതരുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്.പി.സി. ക്യാമ്പ് നടന്ന ജൂൺ 11, 12 തീയതികളിൽ ഭക്ഷണം നല്കിയതിന് ഊണിന് 60/- രൂപ നിരക്കിലാണ് തുക ഈടാക്കിയിട്ടുള്ളത്. രണ്ടു ദിവസവും 88 കുട്ടികൾക്കാണ് ഭക്ഷണം നല്കിയത്. (വൗച്ചർ തീ.12.6.22, നം.ഇല്ല).

തുക നല്കിയത് - 88x60x2= 10560/-

തുക അനുവദിക്കാവുന്നത് - 88x25x2= 4400/-

അധികം നല്കിയത് - 6160/-

കൂടാതെ 30.7.22-ൽ 88 കുട്ടികൾക്ക് 88x25=2200/- രൂപയ്ക്കു പകരം 2,480/- രൂപയും ഈടാക്കിയിട്ടുണ്ട്. ആകെ അധികമായി നല്കിയത് 6160+280 = 6440/-.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.23) മറുപടി ലഭ്യമാക്കിയില്ല.
അധികമായി നല്കിയ 6,440/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

1-28 എസ്. സി. വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് - തുക അധികം നല്കി

പ്രോജക്ട് നം. S0214/23

അടങ്കൽ - 245000/- (വികസന ഫണ്ട് - എസ്.സി.പി.)

- 55000/- (തനത് ഫണ്ട്)

ആകെ - 300000/-

ചെലവ് - 245000/- (ട്രഷറി ബിൽ നം.6/25.3.23)

- 45000/-(തനത് ഫണ്ട്-22201150/30.3.23-ചെക്ക് നം.712080/29.3.23)

ആകെ 290000/-

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഈ പ്രോജക്ടിൽ ശ്രീ.അതുൽരാജ് പി.റ്റി. എന്ന ഗുണഭോക്താവിന് തൻവർഷം സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. എന്നാൽ ടിയാൾക്ക് ഈ ഗ്രാമപഞ്ചായത്തിൽ നിന്നും മെരിറ്റോറിയസ് സ്കോളർഷിപ്പ് നല്കിയിട്ടില്ല എന്ന് മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.10.2022-ലെ ബി.1-2905/22 നം. സാക്ഷ്യപത്രം പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാൻ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും സ്കോളർഷിപ്പ് കൈപ്പറ്റിയിട്ടില്ല എന്ന് ആ ഓഫീസിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ബി) 30,000/- രൂപ സ്കോളർഷിപ്പ് നല്കിയിട്ടുള്ള ഗോപീകൃഷ്ണ ആർ., വടക്കേപ്പറമ്പിൽ ഹാജരാക്കിയിട്ടുള്ളത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ അംഗീകൃത സ്ഥാപനം - Profinz - 23.03.23 ൽ നല്കിയിട്ടുള്ള സർട്ടിഫിക്കറ്റിൽ 'Gopikrishna R. Was A Student Of This Institution' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഠിച്ച കോഴ്സോ കാലയളവോ അതിലും രേഖപ്പെടുത്തിയിട്ടില്ല. ടിയാരിക്ക് +2 യോഗ്യത മാത്രമാണുള്ളത്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസാണ് ടി സ്ഥാപനത്തിൽ പഠിച്ചിരുന്നതെങ്കിൽ ടിയാരിക്ക് 15,000/- രൂപ സ്കോളർഷിപ്പ് നല്കുന്നതിന് മാത്രമാണ് അർഹത. കൂടാതെ ടിയാരി പ്രോജക്ട് നം. S0180/23 - എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ ലാപ്ടോപ്പ് കൈപ്പറ്റുന്നതിനായി ഹാജരാക്കിയിട്ടുള്ളത് 16.05.2023-ലെ Calicut University- School Of Distance Education ന്റെ 'Gopikrishna R. Was A Student Of This Institution' എന്ന സ്റ്റഡി സർട്ടിഫിക്കറ്റാണ്. അതായത് ടിയാരി ഹാജരാക്കിയിട്ടുള്ളത് ഒരേ സമയത്തെ രണ്ട് സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റുകളാണ്. ആയതിനാൽ ടിയാരിക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ പ്രൊഫഷണൽ കോഴ്സാണ് പഠിച്ചിട്ടുള്ളതെങ്കിൽ രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.23) മറുപടി ലഭ്യമാക്കിയില്ല.
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസാണ്

ടി സ്ഥാപനത്തിൽ പഠിച്ചിരുന്നതെങ്കിൽ സബ്സിഡി മാർഗ്ഗരേഖ 7.2.4 പ്രകാരം 15,000/- രൂപയ്ക്ക് മാത്രമാണ് അർഹത. അധികമായി നല്കിയ 15,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 സ്കൂളുകൾക്ക് ഫർണീച്ചർ - പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യത്യസ്തമായ ഉപകരണങ്ങൾ വാങ്ങി

പ്രോജക്ട് നം. S0043/23 – സ്കൂളുകൾക്ക് ഫർണീച്ചർ (SO-111/22) .

അടങ്കൽ - 100000/- (വികസന ഫണ്ട് - പൊതുവിഭാഗം)

- 50000/- (തനത് ഫണ്ട്)

ആകെ - 150000/-

ചെലവ് - 100000/- (ട്രഷറി ബിൽ നം.4/26.9.22)

47901/- (തനത് ഫണ്ട്- വൗച്ചർ നം.22200431/06.10.2022- ചെക്ക് നം.056682/6.10.22)

ആകെ - 147901/-

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പ്രോജക്ട് ലക്ഷ്യമിട്ടിട്ടുള്ളത് സർക്കാർ സ്കൂളുകൾക്ക് മേശ, ബഞ്ച്, അലമാര എന്നിവ വാങ്ങുന്നതിനാണ്. എന്നാൽ RUBCO യുടെ ഇൻവോയ്സ് നം. RHW/22-23/185/Dt.03.9.22 പ്രകാരം

| | Item | No. | Amount |
|---|---|---|---|
| 1 | Manager Table (HSN-9403)- | 1 | 21277/- |
| 2 | Visitors Chair With Cusion | 1 | 4589 |
| 3 | Semi Executive Table | 6 | 81558 |
| 4 | Wooden Chair With Arm | 3 | 9267 |
| | Transportation Charge | | 2649 |
| | GST | | 22561.2 |
| | Total | | 147901/- |

മുകളിൽ സൂചിപ്പിച്ച ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷന്റെ വിവരം ലഭ്യമല്ല. പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്ന യാതൊരു ഫർണീച്ചറും വാങ്ങിയിട്ടില്ല.

സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് വിലകൂടിയ മറ്റ് ഫർണിച്ചറുകൾ വാങ്ങിയതായാണ് മനസ്സിലാക്കുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 1,47,901/- രൂപ തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യത്യസ്തമായ ഉപകരണങ്ങൾ വാങ്ങിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 ട്രൈബൽ ഡെവലപ്പ്മെന്റ് ഫണ്ട് യഥാസമയം വിനിയോഗിക്കാതെ പദ്ധതി പാതി വഴിയിൽ

2016-17 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പുളിമൂട്ടിൽ കോളനിയിൽ

പിച്ചിംഗ് കെട്ടി സംരക്ഷിക്കുന്നതിനായി പുനലൂർ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസറുടെ 6.03.2017-ലെ ബി- 1513/2016(2) നമ്പർ ഉത്തരവ് പ്രകാരം 3,50,000/- രൂപ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. ഇത് പ്രകാരം പുളിമൂട്ടിൽ കോളനിയിൽ പിച്ചിംഗ് കെട്ടി സംരക്ഷിക്കുന്നതിനായി 176/2018 നമ്പരായി പദ്ധതി തയ്യാറാക്കുകയും ശ്രീമതി കുമാരി, ചെയർപേഴ്സണും, ശ്രീ.സുരേഷ് കൺവീനറുമായി ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും, 1.02.2018-ൽ കരാർ ചമച്ച് പ്രവൃത്തി ആരംഭിക്കുകയും, 2017-18 വർഷത്തിൽ 2,42,037/- രൂപ മുൻകൂറായി കൈപ്പററുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഏറ്റെടുത്ത് 5 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വാർഷിക കണക്കിൽ പ്രസ്തുത തുക നിലവിലും ക്രമീകരിക്കപ്പെടാതെ മുൻകൂറായി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പുനലൂർ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്നുള്ള ആവർത്തിച്ചുള്ള കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ ആകെ ലഭിച്ച 3,50,000/- രൂപയിൽ മുൻകൂറായി നൽകിയ തുക കുറവ് ചെയ്ത് ശേഷിച്ച 1,07,963/- രൂപ (350000 – 242037) 11.03.22-ൽ ചേർത്തല സബ് ട്രഷറിയിൽ ഒടുക്കുകയും, കൺവീനർക്ക് മുൻകൂറായി നൽകിയ തുക 2,42,037/- രൂപ പൂർണ്ണമായും ടി പദ്ധതിയ്ക്ക് വിനിയോഗിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തി 14.03.22-ൽ സെക്രട്ടറി ധന വിനിയോഗ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ കരാർ തയ്യാറാക്കിയതിന്റെ രേഖകളും, കൺവീനർക്ക് തുക മുൻകൂർ നൽകിയതിന്റെ രേഖകളുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതെന്ന് കാണുന്നു. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട എം.ബുക്കുകൾ, പാർട്ട് ബില്ലുകൾ, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ്, അസി.എഞ്ചിനിയർ മൂല്യ നിർണ്ണയം നടത്തിയ രേഖകൾ ഇവയൊന്നും ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം എപ്രകാരമാണ് നൽകിയതെന്ന് വ്യക്തമല്ല.

പട്ടിക വർഗ്ഗ വിഭാഗത്തിനായി അനുവദിച്ച തുക ചെലവഴിക്കുന്നതിൽ ഇത്രയധികം വീഴ്ച വരുത്തിയ ഗുണഭോക്തൃ സമിതി കൺവീനർക്കെതിരെ യാതൊരു വിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണവും, പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം, ടി വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ബന്ധപ്പെട്ട ഫയൽ സഹിതം ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണവും, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കേണ്ടതാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി - അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങളെക്കാൾ അധിക തൊഴിൽ ദിനങ്ങൾ അനുവദിച്ച് മസ്റ്റർ റോൾ തയ്യാറാക്കി

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | : | വാർഡ് 11 – ജെ.എൽ.ജി ഗ്രൂപ്പ് കൃഷി (വൃന്ദാവനം ജെ.എൽ.ജി) |
| വർക്ക് കോഡ് | : | LD/463925 |
| എസ്റ്റിമേറ്റ് തുക | : | 2,89,560/- |

പ്രസ്തുത പ്രവൃത്തിയ്ക്കായി 921 തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ചിരുന്നത് . ഇത് പ്രകാരം പ്രവൃത്തി ആരംഭിക്കുകയും വിവിധ മസ്റ്റർറോളുകൾ പ്രകാരം 16.02.23 മുതൽ 30.03.23 വരെയുള്ള കാലയളവിൽ ആകെ 850 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയതായി രേഖപ്പെടുത്തി 264350/- രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. തുടർന്ന് പ്രവൃത്തി പൂർത്തീകരണത്തിന് 71 തൊഴിൽ ദിനങ്ങൾ മാത്രം ശേഷിക്കേ 1.04.23 മുതൽ 11.04.23 വരെയുള്ള തീയതികളിലായി 243 തൊഴിൽ ദിനങ്ങളിൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി മസ്റ്റർറോൾ തയ്യാറാക്കുകയും, ഇതിൽ 1.04.23 മുതൽ 7.04.23 വരെയുള്ള ആദ്യ സെറ്റ് മസ്റ്റർ റോളിലെ ആദ്യ പേജിലുൾപ്പെട്ട 46 തൊഴിൽ ദിനങ്ങൾക്കായി

15,318/- രൂപ (333/- രൂപ നിരക്കിൽ) മാറുകയും ചെയ്തിട്ടുണ്ട്. (തൊഴിൽ ദിനങ്ങൾ എസ്റ്റിമേറ്റിൽ അധികരിച്ചതിനാൽ ബാക്കി തുക മാറുവാൻ സാധിച്ചിട്ടില്ല.) 921 തൊഴിൽ ദിനങ്ങൾ അനുവദിച്ചിരുന്ന പ്രവൃത്തിയ്ക്കായി ഇവിടെ ആകെ 1093 തൊഴിൽ ദിനങ്ങൾ പ്രവൃത്തി എടുത്തതായി മസ്റ്റർ റോൾ തയ്യാറാക്കിയിരിക്കുന്നു. അധികമായി 172 തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചതായാണ് മസ്റ്റർ റോൾ പ്രകാരം കാണുന്നത്.

പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വൃന്ദാവനം ജെ.എൽ.ജി സെക്രട്ടറി (പേര് രേഖപ്പെടുത്തിയിട്ടില്ല) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി ചമച്ചിട്ടുള്ള കരാറിൽ പ്രസ്തുത പദ്ധതിയ്ക്കായി കൈപ്പറ്റിയിട്ടുള്ള ഭൂമിയിൽ 3 വർഷം തുടർച്ചയായി കൃഷി ചെയ്യുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടുള്ളത് 16.05.2021 എന്നാണ്. എന്നാൽ മുദ്രപത്രം വാങ്ങിയ തീയതി 30.3.2022 ആണ്. പ്രസ്തുത കരാറിൽ ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/30.09.23) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റിൽ അധികമായി തയ്യാറാക്കിയ മസ്റ്റർ റോളുകൾ ക്യാൻസൽ ചെയ്തതായും, ബന്ധപ്പെട്ട ഓവർസിയറോട് വിശദീകരണം ചോദിച്ചിട്ടുള്ളതായും, കരാർ തീയതി 16.05.22 എന്നത് തെറ്റി പോയതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണ് മസ്റ്റർ റോൾ തയ്യാറാക്കുന്നതെന്നിരിക്കെ നിലവിൽ ഇല്ലാത്ത പ്രവൃത്തിയ്ക്കായി മസ്റ്റർ റോൾ തയ്യാറാക്കിയതും, ആയത് പിന്നീട് റദ്ദ് ചെയ്തതും ക്രമ വിരുദ്ധമാണ്. ടി വിഷയത്തിൽ വകുപ്പ് തല തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

1-32 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്

മുഹമ്മ ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം താഴെപ്പറയുന്ന രണ്ട് പദ്ധതികൾ പ്രകാരം നെൽകൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

1.പ്രോജക്ടിന്റെ പേര് : നെൽ കൃഷി വികസനം (സ്പിൽ ഓവർ)
പ്രോജക്ട് നം. : S0034/2023
അടങ്കൽ : വികസന ഫണ്ട്- 1,22,300/-
ചെലവ് : 1,22,000/-
(ബിൽ റെഫറൻസ് നം.22060552019100153851 തീ.31.05.022)

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ചന്ദ്രമോഹനൻ വി.എൻ. | 1,068 |
| 2 | മാത്യൂ ആന്റണി | 1,449 |
| ആകെ | | 2,517 |

2.പ്രോജക്ടിന്റെ പേര് : നെൽ കൃഷി വികസനം
പ്രോജക്ട് നം. : S0111/2023
അടങ്കൽ : വികസന ഫണ്ട്- 4,62,320/-രൂപ
ജില്ലാ പഞ്ചായത്ത് വിഹിതം- 1,19,850/-രൂപ

ഗുണഭോക്തൃ വിഹിതം- 5,32,970

ആകെ- 11,15,140/-രൂപ

ചെലവ് : 1,22,000/-

ചെലവ്- 4,55,775/-രൂപ

(1.ബിൽ റെഫറൻസ് നം.22060552019100942029 തീ.20.12.022- 1,07,100/-രൂപ

2.ബിൽ റെഫറൻസ് നം.22060552019101215853 തീ.21.02.023- 50,400/-രൂപ

3.ബിൽ റെഫറൻസ് നം.22060552019100942032 തീ.20.12.022- 1,19,850/-രൂപ

4. ബിൽ റെഫറൻസ് നം.22060552019101346457 തീ.14.03.2023- 1,19,850/-രൂപ )

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| ബിൽ റെഫറൻസ് നം.22060552019100942032 തീ.20.12.022- 1,19,850/-രൂപ | | |
| 1 | ചന്ദ്രമോഹനൻ വി.എൻ. | 1156 |
| 2 | മാത്യു ആന്റണി | 884 |
| ബിൽ റെഫറൻസ് നം.22060552019101346457 തീ.14.03.2023- 119850/-രൂപ | | |
| 1 | ചന്ദ്രമോഹനൻ വി.എൻ. | 1156 |
| 2 | മാത്യു ആന്റണി | 884 |
| ആകെ | | 4080 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7 തീ.21.09.2023) ടിയാളുകളുടെ അക്കൌണ്ട് നമ്പറുകളിൽ തുക ക്രഡിറ്റാവാതിരുന്ന വിവരം അറിഞ്ഞിരുന്നില്ലായെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണെന്നും കൃഷി ഓഫീസർ മറുപടി നല്കി.

ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് ലഭ്യമാവാനുള്ള സാഹചര്യമൊരുക്കേണ്ടതുമാണ്.

1-33 വയോജനങ്ങൾക്ക് കട്ടിൽ-അർഹതാ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നം. S0104/2023

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - വികസന ഫണ്ട് ജനറൽ- 4,00,000/-രൂപ

തനത് ഫണ്ട് - 200/-രൂപ

ആകെ - 4,00,200/-രൂപ

ചെലവ് – 3,99,600/-രൂപ
ബിൽ നമ്പർ – 21/2022-23/31.03.2023
നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

തൻവർഷം മേൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിക്കപ്പെട്ട സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നൽകേണ്ടത്. തൻവർഷം ഈ പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ ഫയലിൽ കാണുന്നില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക്

(നം.10 തീയതി 23.09.2023) ലഭ്യമാക്കിയ മറുപടിയിൽ നിരാലംബരും, കിടപ്പുരോഗികളുമായ ഏറ്റവും അർഹരാവർക്കാണ് ആനുകൂല്യം നല്കിയതെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നല്കി. ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷകരിൽ നിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-34 കന്നുകുട്ടി പരിപാലന പദ്ധതി- വനിത-വിനിയോഗ രേഖകൾ ലഭ്യമല്ല

പ്രോജക്ടിന്റെ പേര്-കന്നുകുട്ടി പരിപാലന പദ്ധതി- വനിത
പ്രോജക്ട് നം.S0125/2023
നിർവ്വഹണം- വെറ്റിനറി സർജൻ
അടങ്കൽ- വികസന ഫണ്ട് - 3,12,500/-രൂപ
ഗുണഭോക്തൃ വിഹിതം - 3,12,500/-രൂപ
ആകെ - 6,25,000/-രൂപ
ചെലവ് - 3,12,500/-രൂപ
(1.ട്രഷറി ബിൽ നം.3/22-23 തീ. 11.01.2023)

2022-23 സാമ്പത്തിക വർഷത്തെ കന്നുകുട്ടി പരിപാലന പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും, സംസ്ഥാന വിഹിതവും ചേർത്തുള്ള തുക 3,12,500/-രൂപ മേൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, ആലപ്പുഴയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18 തീ.26.09.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തീകരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 3,12,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-35 ഐ.കെ.എം-ന് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.S0100/2023
പ്രോജക്ടിന്റെ പേര്. ഐ.കെ.എം-ന് വിഹിതം നല്കൽ
അടങ്കൽ - വികസന ഫണ്ട് - 75,000/-രൂപ
ചെലവ് – 68,113-രൂപ (ബിൽ നം.9 തീ.26.09.2022)

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 68,113/-രൂപ ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ ഐ.കെ.എം-ന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 68,113/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-36 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നം. : S0093/2023

അടങ്കൽ : വികസന ഫണ്ട്- 2,60,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 4,40,000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം - 5,00,000/- രൂപ

ആകെ അടങ്കൽ - 12,00,000/-രൂപ

ചെലവ് : 11,27,200/-

(1.ട്രഷറി ബിൽ നം.9 തീ.24.12.2022- 2,60,000/-രൂപ

2.ട്രഷറി ബിൽ നം.10 തീ.24.12.2022- 3,60,000/-രൂപ

3.ട്രഷറി ബിൽ നം.11 തീ.31.12.2022- 1,20,000/-രൂപ

4.ട്രഷറി ബിൽ നം.15 തീ.25.02.2023- 3,54,070/-രൂപ

5.ട്രഷറി ബിൽ നം.16 തീ.18.03.2023- 33,130/-രൂപ)

മുഹമ്മ ഗ്രാമ പഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന്റെ പേരിലുള്ള അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| ബിൽ റെഫറൻസ് നം.220605520195009689 59 തീ.31.12.022- 1,20,000/-രൂപ | | |
| 1 | അതുൽ കൃഷ്ണ | 1300 |
| ബിൽ റെഫറൻസ് നം.22060552019501242674 തീ.25.02.2023- 3,54,070/-രൂപ | | |
| 1 | അതുൽ കൃഷ്ണ | 3800 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീ.23.09.2023) ടിയാളുകളുടെ അക്കൌണ്ട് നമ്പറുകളിൽ തുക ക്രഡിറ്റാവാതിരുന്ന വിവരം അറിഞ്ഞിരുന്നില്ലായെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നല്കി.

ബിൽ മുഖാന്തിരം മാറുന്ന തുകകൾ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സസ്പെൻസ് അക്കൌണ്ടിലേയ്ക്ക് നീക്കപ്പെടുകയും നിശ്ചിത കാലയളവിന് ശേഷം അതത് ശീർഷകത്തിലേയ്ക്ക് തിരികെ ക്രെഡിറ്റ് ചെയ്യുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ മേൽ ബില്ലുകൾ പ്രകാരം മാറിയ തുകകളിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്ന തുക അതത് ഹെഡ് ഓഫ് അക്കൌണ്ടിലേയ്ക്ക് തിരികെ പോയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 1-37 കരാർ ജീവനക്കാർക്ക് അധികമായി ഏൺഡ് ലീവ് സറണ്ടറും ലീവും അനുവദിച്ചിരിക്കുന്നു

1. മുഹമ്മ ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം അക്രഡിറ്റഡ് ഓവർസിയർ ആയ രചന.റ്റി. 2021 കലണ്ടർ വർഷം 18 ആകസ്മികാവധികളും 2022 കലണ്ടർവർഷം 16 ആകസ്മികാവധികളും എടുത്തത് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2021 ൽ നാലു ദിവസവും 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി 6 ദിവസങ്ങളും ഒപ്പിടാതെയും ലീവ് രേഖപ്പെടുത്താതെയും ശൂന്യമായി ഇട്ടിരിക്കുന്നു. കൂടാതെ അധികമായി എടുത്ത അവധികൾ പരിഗണിക്കാതെ ടിയാൾക്ക് രണ്ട് വർഷത്തെയുമായി 30 ദിവസത്തെയും ലീവ് സറണ്ടർ തുക അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം.2230001, ചെക്ക് നം. 712085-86/31.3.23 രൂ. 24040/-). ജി.ഒ.(പി.)271/11

/ഫിൻ., തീ.27.6.11 പ്രകാരം താൽക്കാലിക ജീവനക്കാർക്ക് പ്രതിവർഷം 12 ലീവ് മാത്രമാണ് അനുവദനീയം. 1/11 എന്ന നിരക്കിൽ ഒരു വർഷം 15 ലീവ് സറണ്ടറിനും ആയത് സറണ്ടർ ചെയ്യുന്നതിനും അനുമതിയുണ്ട്. കൂടുതൽ ലീവ് അനുവദിച്ചിട്ടുള്ളതിനും ലീവ് മാർക്ക് ചെയ്യാതെ കോളങ്ങൾ ശൂന്യമായി കിടക്കുന്നതിനും അവധികൾ പരിഗണിക്കാതെ ലീവ് സറണ്ടർ അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/25.9.23) മറുപടി ലഭ്യമാക്കിയില്ല.

2. 2023 കലണ്ടർ വർഷം ടിയാരി ഏപ്രിൽ വരെ $5^{1/2}$ ആകസ്മികാവധികൾ എടുത്തിട്ടുണ്ട്. അതിനുശേഷം

മെയ്-15½

ജൂൺ- 10 (ജൂൺ 5 മുതൽ 15 വരെ തുടർച്ചയായി ലീവിലാണ്)

ജൂലൈ – 6 ½

ആഗസ്റ്റ് –7 എന്നിങ്ങനെ ലീവ് മാർക്ക് ചെയ്തിട്ടുള്ളതുമാണ്. താൽക്കാലിക ജീവനക്കാർക്ക് ലീവ് ക്രെഡിറ്റിലുള്ളപക്ഷം 7 ദിവസം മാത്രമാണ് തുടർച്ചയായി ലീവ് അനുവദിക്കാവുന്നത്.

ഹാജരുള്ള ദിവസങ്ങളിലേക്ക് മാത്രമാണ് വേതനം നല്കുന്നതെങ്കിലും സർക്കാർ ഉത്തരവിനു വിരുദ്ധമായി ലീവ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. അധികമായി നല്കിയ ലീവ് സറണ്ടർ തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

3. മോബി മോഹൻ, അക്രഡിറ്റഡ് ഓവർസിയർ 2021 ആഗസ്റ്റ് 1 മുതലാണ് സേവനത്തിൽ പ്രവേശിച്ചത്. 2023 മാർച്ച് വരെ രണ്ട് സാമ്പത്തിക വർഷത്തെ സേവനദൈർഘ്യമില്ലെങ്കിലും 30 ആർജ്ജിതാവധി പണമാക്കി നല്കിയിട്ടുണ്ട് (വൗച്ചർ നം.2230001, ചെക്ക് നം. 712085-86/31.3.23 രൂ. 24040/-). അധികമായി നല്കിയ 12,020/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-38 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയതിന് ചൈതന്യ കൺസ്ട്രക്ഷൻ യൂണിറ്റിന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 11,46,000/- രൂപയും, ശ്രീ.അനസ് കെ.എം. എന്ന കരാറുകാരന് 1,32,000/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി., ആദായ നികുതി എന്നിവ ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരം ഭാഗം 3-4 ആയി ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ ജീവനക്കാർക്ക് അധികമായി ഏൺഡ് ലീവ് സറണ്ടർ തുക അനുവദിച്ചു

1. മുഹമ്മ ഗ്രാമപഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം അക്രഡിറ്റഡ് ഓവർസിയർ ആയ രചന റ്റി. 2021 കലണ്ടർ വർഷം 18 ആകസ്മികാവധികളും 2022 കലണ്ടർവർഷം 16 ആകസ്മികാവധികളും എടുത്തത് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2021-ൽ നാലു ദിവസവും 2022 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി 6 ദിവസങ്ങളും ഒപ്പിടാതെയും ലീവ്

രേഖപ്പെടുത്താതെയും ശൂന്യമായി ഇട്ടിരിക്കുന്നു. കൂടാതെ അധികമായി എടുത്ത അവധികൾ പരിഗണിക്കാതെ ടിയാൾക്ക് രണ്ട് വർഷത്തെയുമായി 30 ദിവസത്തെയും ലീവ് സറണ്ടർ തുക അനുവദിച്ചിട്ടുണ്ട് (വൗച്ചർ നം.2230001, ചെക്ക് നം. 712085-86/31.3.23 രൂ. 24040/-). സർക്കാർ ഉത്തരവ് (പി.)271/11/ഫിൻ., തീ.27.6.11 പ്രകാരം താൽക്കാലിക ജീവനക്കാർക്ക് പ്രതിവർഷം 12 ലീവ് മാത്രമാണ് അനുവദനീയം. 1/11 എന്ന നിരക്കിൽ ഒരു വർഷം 15 ലീവ് സറണ്ടറിനും ആയത് സറണ്ടർ ചെയ്യുന്നതിനും അനുമതിയുണ്ട്. കൂടുതൽ ലീവ് അനുവദിച്ചിട്ടുള്ളതിനും ലീവ് മാർക്ക് ചെയ്യാതെ കോളങ്ങൾ ശൂന്യമായി കിടക്കുന്നതിനും അവധികൾ പരിഗണിക്കാതെ ലീവ് സറണ്ടർ അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/25.9.23) മറുപടി ലഭ്യമാക്കിയില്ല.

2. 2023 കലണ്ടർ വർഷം ടിയാരി ഏപ്രിൽ വരെ 5½ ആകസ്മികാവധികൾ എടുത്തിട്ടുണ്ട്. അതിനുശേഷം
മെയ്-15½

ജൂൺ- 10 (ജൂൺ 5 മുതൽ 15 വരെ തുടർച്ചയായി ലീവിലാണ്)

ജൂലൈ – 6 ½

ആഗസ്റ്റ് –7 എന്നിങ്ങനെ ലീവ് മാർക്ക് ചെയ്തിട്ടുള്ളതുമാണ്. താൽക്കാലിക ജീവനക്കാർക്ക് ലീവ് ക്രെഡിറ്റിലുള്ളപക്ഷം 7 ദിവസം മാത്രമാണ് തുടർച്ചയായി ലീവ് അനുവദിക്കാവുന്നത്.
ഹാജരുള്ള ദിവസങ്ങളിലേക്ക് മാത്രമാണ് വേതനം നല്കുന്നതെങ്കിലും സർക്കാർ ഉത്തരവിനു വിരുദ്ധമായി ലീവ് അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. അധികമായി നല്കിയ ലീവ് സറണ്ടർ തുക കണക്കാക്കി തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. മോബി മോഹൻ, അക്രഡിറ്റഡ് ഓവർസിയർ 2021 ആഗസ്റ്റ് 1 മുതലാണ് സേവനത്തിൽ പ്രവേശിച്ചത്. 2023 മാർച്ച് വരെ രണ്ട് സാമ്പത്തിക വർഷത്തെ സേവനദൈർഘ്യമില്ലെങ്കിലും 30 ആർജ്ജിതാവധി പണമാക്കി നല്കിയിട്ടുണ്ട് (വൗച്ചർ നം.2230001, ചെക്ക് നം. 712085-86/31.3.23 രൂ. 24040/-). അധികമായി നല്കിയ 12,020/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-2 മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ- അധിക തുക നല്കി

പ്രോജക്ട് നം.S0017/2023
പ്രോജക്ടിന്റെ പേര്: മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിക്കൽ
അടങ്കൽ- വികസന ഫണ്ട്- 2,00,000/-രൂപ
തനത് ഫണ്ട്- 1,00,000/-രൂപ
ആകെ - 3,00,000/-രൂപ
ചെലവ്-3,36,059/-
(1.ട്രഷറി ബിൽ നം.13 തീ. 10.10.2022- 2,00,000/-രൂപ
2.ചെക്ക് നം.056688 തീ. 12.10.2022- 1,36,059/-രൂപ (എ.ഡി.സി.ബി))
നിർവ്വഹണം:- സെക്രട്ടറി

മുഹമ്മ ജംഗ്ഷനിലും പഞ്ചായത്തിലും സി.സി.റ്റി.വി സ്ഥാപിച്ച ഇനത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് (സിൽക്ക്) മേൽ പ്രകാരം 3,36,059/-രൂപ നല്കിയിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയെന്ന നിലയിൽ പ്രവൃത്തി നിർവ്വഹണം നടത്തിയ സിൽക്കിന് സെന്റേജ് ചാർജിനത്തിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 8% തുക നല്കിയിട്ടുണ്ട്. ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 28.04.2021-ലെ ജി.ഒ(പി)67/2021/ധന ഉത്തരവ് ഖണ്ഡിക 7.1.IV പ്രകാരം ഒരു കോടി രൂപയിൽ താഴെ വരുന്ന പ്രവൃത്തികൾക്കെല്ലാം എസ്റ്റിമേറ്റ് മൂല്യത്തിന്റെ അല്ലെങ്കിൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ (ഏതാണൊ കുറവ്) 8% സെന്റേജ് ചാർജായി നല്കാമെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത ഉത്തരവ് ഖണ്ഡിക 7.2-ൽ ബിഡ്ഡിംഗ് പ്രോസസ് കൂടാതെ അക്രഡിറ്റഡ് ഏജൻസി നേരിട്ടാണ് പ്രവൃത്തി നിർവ്വഹിക്കുന്നതെങ്കിൽ 0.5% ഏജൻസിയിൽ നിന്നും റിക്കവറി നടത്തണമെന്ന് പറഞ്ഞിരിക്കുന്നു.

ഇവിടെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ബിഡ്ഡിംഗ് കൂടാതെ നേരിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നതെങ്കിലും 0.5% റിക്കവറി നടത്തിയതായി കാണുന്നില്ല. തന്മൂലം 1,319/-രൂപയുടെ (ആകെ വേലമൂല്യം 263700/-രൂപ X 0.5%) നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ടി തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6 തീ.20.09.2023) തുക ഈടാക്കുന്നതിന് സ്റ്റീൽ ഇൻഡസ്ട്രീസിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. അധികം നല്കി തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി - കാലിത്തൊഴുത്ത് നിർമ്മാണം - മാർക്കറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിച്ച വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തിയായ കാലിത്തൊഴുത്ത് നിർമ്മാണത്തിന് വാങ്ങിയ മെറ്റീരിയൽസിന് മാർക്കറ്റ് വിലയേക്കാൾ കൂടിയ നിരക്കിൽ തുക അനുവദിച്ചതു വഴി അധികച്ചെലവ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) കാലിത്തൊഴുത്ത് നിർമ്മാണം - മിനിമോൾ, മധുരംചേരിൽ വാർഡ് 15

അളവു പുസ്തകം - M/2/2022

FTO തീയതി -13.07.2022

എ) ടി പ്രവൃത്തിയിൽ 30X20X15 സോളിഡ് ബ്ലോക്ക്സ് 447.2 എണ്ണം ഉപയോഗിച്ചതിന് @45 നിരക്കിൽ 20,125/- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 36/- രൂപ നിരക്കിലാണ്. (കടകംപള്ളി ഏജൻസീസിന്റെ 3.05.22-ലെ ഇൻവോയ്സ്) അതിനാൽ അനുവദിക്കാവുന്ന തുക 447.2 X 36/- = 16,099/- ആണ്. അധികം നൽകിയത് - 4,026/-രൂപ

ബി) ടി പ്രവൃത്തിയിൽ 1.1713 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/tonne നിരക്കിൽ 14,393/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08.07.22-ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ പ്രസ്തുത ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 400/- ആണ്. ആയത് പ്രകാരം

അർഹമായ തുക 1.1713 Tonne @ 8000/- = 9370/-

അധികം നൽകിയത് - 5023/- രൂപ

ആകെ അധികമായി നൽകിയ 9,049/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

2) കാലിത്തൊഴുത്ത് നിർമ്മാണം - വിജയകുമാരി, പാർവ്വതി നിവാസ്, വാർഡ് 15

അളവു പുസ്തകം - M/15/21-22

FTO തീയതി - 19.08.2022

ടി പ്രവർത്തിയിൽ 1.0147 ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/tonne നിരക്കിൽ 12,468/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08.07.22-ലെ OMB/ALP /AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 420/- ആണ്. (കടകംപള്ളി ഏജൻസീസിന്റെ 18.11.21ലെ ഇൻവോയ്സ്)

അതിനാൽ അർഹമായ തുക 1.0147 Tonne @8400/- = 8523/-

അധികം നൽകിയത് 3,945/- രൂപ

ആകെ അധികമായി നൽകിയ 3,945/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

3) കാലിത്തൊഴുത്ത് നിർമ്മാണം - ലതാ ശശി, കല്ലാപ്പുറം, വാർഡ് 15

അളവ് പുസ്തകം - M/18/2022

FTO തീയതി -19.08.22

എ) ടി പ്രവൃത്തിയിൽ 30X20X15 സോളിഡ് ബ്ലോക്ക്സ് 467എണ്ണം ഉപയോഗിച്ചതിന് @40 നിരക്കിൽ 18,680/-- രൂപ ഗുണഭോക്താവിന് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരം സോളിഡ് ബ്ലോക്ക്സ് ലഭിച്ചിരിക്കുന്നത് 36/- രൂപ നിരക്കിലാണ്. (കടകംപള്ളി ഏജൻസീസിന്റെ 16.11.21-ലെ ഇൻവോയ്സ്) അതിനാൽ അനുവദിക്കാവുന്ന തുക 467 X 36/- = 16812/- ആണ്. അധികം നൽകിയത് - 1,868/-രൂപ

ബി) ടി പ്രവൃത്തിയിൽ 0.89ടൺ സിമന്റ് ഉപയോഗിച്ചതിന് 12288/tonne നിരക്കിൽ 10,936/- രൂപ നൽകിയിട്ടുണ്ട്. സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ പ്രസ്തുത ബിൽ പ്രകാരം 50 KG സിമന്റ് ബാഗിന്റെ വില 400/- ആണ്. ആയത് പ്രകാരം

അർഹമായ തുക 0.89 Tonne @ 8000/- = 7120/-

അധികം നൽകിയത് - 3816/- രൂപ

ആകെ അധികമായി നൽകിയ 5,684/- രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/26.09.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമ വിരുദ്ധമായി ചെലവഴിച്ച തുക 18,678/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 3-4 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -നികുതികൾ ഈടാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയതിന് ചൈതന്യ കൺസ്ട്രക്ഷൻ യൂണിറ്റിന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 11,46,000/- രൂപയും, ശ്രീ.അനസ് കെ.എം. എന്ന കരാറുകാരന് 1,32,000/- രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിട്ടില്ലാത്തതായി കാണുന്നു. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. കൂടാതെ 2,50,000/-രൂപയ്ക്ക്

മുകളിലുള്ള കരാർ പ്രവൃത്തികളിൽ നിന്നും 2% നിരക്കിൽജി.എസ്.ടി, ടി.ഡി.എസായി ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് ടി യൂണിറ്റിൽ നിന്നും ആദായ നികുതിയിനത്തിൽ 22,920/- (2%) രൂപയും ജി.എസ്.ടി ഇനത്തിൽ 22,920/- (2%) രൂപയും, അനസ്.കെ.എം ൽ നിന്ന് ആദായ നികുതിയിനത്തിൽ 1,320/- (1%) രൂപയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/25.09.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ക്രമ വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-5 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല

പ്രോജക്ടിന്റെ പേര്-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം
പ്രോജക്ട് നം.S0031/2023
നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 64,503/-രൂപ
ചെലവ്- 62,000/-രൂപ
(1.ബിൽ റെഫറൻസ് നം.22060552019800982487 തീ. 28.12.2022)

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിയിൽപ്പെടുത്തി തൻവർഷം ലാപ് ടോപ് വാങ്ങുന്നതിനും ക്യൂ.ആർ കോഡ് പ്രിന്റ് ചെയ്യുന്നതിനുമായി ആകെ 62,000/-രൂപ മേൽ ബിൽ പ്രകാരം കെൽട്രോണിന് കൈമാറിയിട്ടുണ്ട്. പതിമൂവായിരം ക്യൂ.ആർ കോഡ് പ്രിന്റ് ചെയ്യുന്നതിനായാണ് 12,000/-രൂപ കെൽട്രോണിന് കൈമാറിയിരുന്നത്. തൻവർഷം പഞ്ചായത്തിന് എണ്ണായിരം ക്യൂ.ആർ കോഡ് മാത്രമാണ് പ്രിന്റ് ചെയ്ത് നല്കിയിട്ടുള്ളത്. ആയതിന്റെ തുക 7,385/-രൂപ മാത്രമാണെന്നും അവശേഷിക്കുന്ന 4615/-രൂപ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ നല്കുന്ന മുറക്ക് തിരികെ നല്കുന്നതാണെന്നും കെൽട്രോണിന്റെ 02.03.2023-ലെ KCC/CPG/CR-625/2022-23/1612 നമ്പർ കത്തിൽ പറഞ്ഞിരിക്കുന്നു. ടി തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20 തീ.26.09.2023) കെൽട്രോണിൽ നിന്നും തുക ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. തുക ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-6 എച്ച്.എം. നിർവ്വഹണം നടത്തിയ ലാപ്ടോപ്പ് വിതരണം - വിവിധ അപാകതകൾ

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ട് നം. S0180/23 - എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 2,04,000/- (വികസന ഫണ്ട് - എസ്.സി.പി.)

ചെലവ് - 1,87,500/- (ട്രഷറി ബിൽ 8/30.3.23)

ഈ പ്രോജക്ടിൽ 37,500/- രൂപ നിരക്കിൽ 5 കമ്പ്യൂട്ടറുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L569/28.3.23 പ്രകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം നല്കിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി പട്ടികജാതി വികസന ഓഫീസ്, ആര്യാട് ബ്ലോക്കിൽ നല്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ വിദ്യാർത്ഥിയുടെ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടുള്ള മാതാപിതാക്കളുടെയോ അപ്പൂപ്പൻ/അമ്മൂമ്മയുടെയോ പേരാണ്

നല്കിയിട്ടുള്ളത്. ഇവരുടെ പേരിലാണ് പട്ടികജാതി വികസന ഓഫീസിൽ നിന്നും ആനുകൂല്യം വിതരണം നടത്തിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ വിദ്യാർത്ഥിക്ക് ആനുകൂല്യം മുമ്പ് ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഉദാഹരണമായി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടത് ശോഭന, വടക്കേപ്പറമ്പിൽ എന്ന വ്യക്തിയാണെങ്കിലും കമ്പ്യൂട്ടർ നല്കിയിട്ടുള്ളത് ചെറുമകളായ ഗോപീകൃഷ്ണയ്ക്കാണ്.

ബി) കമ്പ്യൂട്ടറുകൾ വാങ്ങിയ ഇൻവോയ്സിൽ ലഭ്യമാക്കിയ കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിട്ടില്ല.

സി) സർക്കാർ ഉത്തരവ് (സാധാ) നം. 3947/2019/ പൊ.വി.വ., തീ. 27.09.2019 പ്രകാരം 5 വർഷ വാറണ്ടി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഇൻവോയ്സിൽ ആയതിന്റെ വാറണ്ടിയെ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുമില്ല.

ഡി) ലാപ്ടോപ്പ് നല്കിയിട്ടുള്ള ഗോപീകൃഷ്ണ ആർ. ഹാജരാക്കിയിട്ടുള്ളത് Calicut University- School Of Distance Education ന്റെ 16.05.2023-ലെ സ്റ്റഡി സർട്ടിഫിക്കറ്റാണ്. ആയതിൽ 'Gopikrishna R. Was A Student Of This Institution' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാരി ഏതു കാലയളവിൽ എന്ത് കോഴ്സിനാണ് പഠിച്ചിരുന്നത് എന്നതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (പ്രോജക്ട് നം. S0214/23) സ്കോളർഷിപ്പിനായി ടിയാരി ഹാജരാക്കിയിട്ടുള്ളത്, ഇതിനു തൊട്ടടുത്ത തീയതിയായ 23.03.23-ൽ ' Profinz' എന്ന സ്ഥാപനം നല്കിയിട്ടുള്ള (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ അംഗീകൃത സ്ഥാപനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്) സർട്ടിഫിക്കറ്റിലും 'Gopikrishna R. Was A Student Of This Institution' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഠിച്ച കോഴ്സോ കാലയളവോ ഇതിലും രേഖപ്പെടുത്തിയിട്ടില്ല. ടിയാരിക്ക് 2018-ൽ നേടിയ +2 യോഗ്യത മാത്രമാണുള്ളത്. അതായത് അപേക്ഷ നല്കിയപ്പോഴോ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയപ്പോഴോ ടിയാരി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ല. ലാപ്ടോപ്പ് വിതരണം നടത്തിയതിനു തൊട്ടു മുമ്പുള്ള ദിവസങ്ങളിലാണ് ടിയാരി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ളത്. കോഴ്സോ പഠന കാലയളവോ വ്യക്തമല്ലാതെ രണ്ടു സ്ഥാപനങ്ങൾ ഒരേ കാലയളവിൽ നല്കിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ടിയാരിക്ക് ലാപ്ടോപ്പും, മെരിറ്റോറിയസ് സ്കോളർഷിപ്പും നല്കിയിട്ടുള്ളത്. പഠിച്ച കോഴ്സ്, കോഴ്സ് കാലാവധി എന്നിവ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

2) പ്രോജക്ട് നം. S0233/23 - എസ്. റ്റി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 80000/- (വികസന ഫണ്ട് - എസ്.സി.പി.)

- 10000/- (തനത് ഫണ്ട്)

ആകെ - 90000/-

ചെലവ് - 46986/- (ട്രഷറി ബിൽ നം.11/31.3.23)

-33014/- (2023-24 വർഷത്തെ ചെലവ്- ബിൽ റഫ. നം.200214677/19.6.23)

ആകെ - 80000/-

ഈ പ്രോജക്ടിൽ 40,000/- രൂപ നിരക്കിൽ 2 കമ്പ്യൂട്ടറുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L579/28.3.23 പ്രകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) ഇൻവോയ്സിൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള ലാപ്ടോപ്പുകൾ ഇതേ ദിവസം 'പ്രോജക്ട് നം. S0180/23 - എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ' എന്ന പ്രോജക്ടിനായി ഇതേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത് 37,500/- രൂപ നിരക്കിലാണ്. 2,500/- രൂപ നിരക്കിൽ 2 എണ്ണത്തിനായി 5,000/- രൂപ അധികം നല്കിയതായി കാണുന്നു.

ബി). ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

3) പ്രോജക്ട് നം. S0042/23 – എസ്. സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 204000/- (വികസന ഫണ്ട് - എസ്.സി.പി.)

- 21000/- (തനത് ഫണ്ട്)

ആകെ - 225000/-

ചെലവ് - 204000/- (ട്രഷറി ബിൽ നം.11/31.3.23)

16700/- (വൗച്ചർ നം.2201187/31.3.23, ചെക്ക് നം.061335/31.3.23)

ആകെ - 220700/- ബിൽ റഫ.നം.200214677/19.6.23)

ഈ പ്രോജക്ടിൽ 36640/- രൂപ നിരക്കിൽ 5 ലാപ്ടോപ്പുകൾ GeM മുഖേന IT Professionls Co-operative Society- T 1959 (ITPCOS), Pulimood, Thiruvananthapuram എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L314/25.1.23 പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ മൗസ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ ഇൻവോയ്സ് നം. IT/22-23L568/28.3.23 പ്രകാരം 41395/- രൂപയ്ക്ക് ഒരു ലാപ്ടോപ്പും വാങ്ങിയിട്ടുണ്ട്. ഇതേ തീയതിയിൽ പ്രോജക്ട് നം. 180/23 നായി ഇതേ സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പ് 37500/- രൂപയ്ക്കാണ് ഇതേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുള്ളത്. ആയതിനാൽ 3895/-രൂപ അധികം നല്കിയതായി കാണുന്നു.
മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.23) മറുപടി ലഭ്യമാക്കിയില്ല.

മേൽ പരാമർശം (2,3) എന്നിവയിൽ കമ്പ്യൂട്ടറുകൾ ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ തീയതിയിൽ അധിക നിരക്കിൽ വാങ്ങിയതുമൂലമുള്ള നഷ്ടമായ 5000+3895=8895/- രൂപ നിരാകരിക്കുന്നു.

പരാമർശം (1) ൽ ഗുണഭോക്താവിന്റെ കോഴ്സ്, കോഴ്സ് കാലാവധി എന്നിവ വ്യക്തമല്ലാത്തതിനാൽ ഗുണഭോക്താവിന് നല്കിയ കമ്പ്യൂട്ടറിന്റെ വിലയായ 37,500/- രൂപ തടസ്സപ്പെടുത്തുന്നു. കോഴ്സ്, കോഴ്സ് കാലാവധി എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3-7 എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം - കാറ്ററിംഗ് യൂണിറ്റിന് അധികം തുക നല്കി

പ്രോജക്ട് നം. S0178/23 –

അടങ്കൽ - 50,000/- (തനത് ഫണ്ട്)

ചെലവ് - 50,000/-

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ 'എസ്.പി.സി. കേഡറ്റുകൾക്ക് ഭക്ഷണം' എന്ന പ്രോജക്ടിൽ ഭക്ഷണം നല്കുന്നതിനായി ലഭിച്ച ക്വട്ടേഷനുകളിൽ ക്വട്ടേഷൻ നല്കിയ എസ്.എൻ.വി. കാറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനം എസ്.പി.സി.യുള്ള ദിവസങ്ങളിൽ ഊണ്, ചപ്പാത്തി, ഇടിയപ്പം, പത്തിരി, കറി എന്നിവയിൽ ആവശ്യമുള്ളത് 25/- രൂപ നിരക്കിൽ സ്കൂളിൽ എത്തിച്ചുതരുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്.പി.സി. ക്യാമ്പ് നടന്ന ജൂൺ 11, 12 തീയതികളിൽ ഭക്ഷണം നല്കിയതിന് ഊണിന് 60/- രൂപ നിരക്കിലാണ് തുക ഈടാക്കിയിട്ടുള്ളത്. രണ്ടു ദിവസവും 88 കുട്ടികൾക്കാണ് ഭക്ഷണം നല്കിയത്. (ബിൽ തീ.12.6.22, നമ്പർ ഇല്ല).

തുക നല്കിയത് - 88x60x2= 10560/-

തുക അനുവദിക്കാവുന്നത് - 88x25x2= 4400/-

അധികം നല്കിയത് - 6160/-

കൂടാതെ 30.7.22ൽ 88 കുട്ടികൾക്ക് 88x25=2200/- രൂപയ്ക്കു പകരം 2480/- രൂപയും ഈടാക്കിയിട്ടുണ്ട്. ആകെ അധികമായി നല്കിയത് 6160+280 = 6440/-.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/26.9.23) മറുപടി ലഭ്യമാക്കിയില്ല.
അധികമായി നല്കിയ 6,440/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 15,400 | ലൈഫ് | 15,400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,93,130 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 3,93,130 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 7,00,000 | പാലിന് സബ്സിഡി | 7,00,000 | 0 |
| ആകെ | | 11,08,530 | | 11,08,530 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,19,850 | നെൽകൃഷി വികസനം | 1,19,850 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9,40,143 | തെരുവ് വിളക്ക് വ്യാപനം | 9,40,143 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,85,000 | അംഗൻവാടി പോഷകാഹാരം | 1,85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,74,070 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 4,74,070 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,14,000 | പാലിന് സബ്സിഡി | 4,14,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000 | അഗതി രഹിത കേരളം ആശ്രയ പദ്ധതി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 4,33,476 | അങ്കണവാടി കെട്ടിട | 4,33,476 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മാണം | | |
| ആകെ | | 26,66,539 | | 26,66,539 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക ലൈൻ വ്യാപനം | 1. 532885 തീ. 14.11.2022-940143/-രൂപ<br>2. ട്രഷറി ബിൽ നം.5 തീ. 23.06.2022-500000/-രൂപ | 14,40,143 | 0 | 14,40,143 |
| അനെർട്ട് | പാതിരാമണൽ ദ്വീപിൽ സോളാർ ലൈറ്റ് മോട്ടോർ എന്നിവ സ്ഥാപിക്കൽ | 1.ട്രഷറി ബിൽ നം.25 തീ. 20.03.2023-164500/-രൂപ<br>2.ചെക്ക് നം. 061318 തീ. 23.03.2023-408479/-രൂപ | 5,72,979 | 0 | 5,72,979 |
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | ചെക്ക് നം.9970314 തീ.09.03.2023 | 2,23,000 | 0 | 2,23,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും, വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 2,20,000 | 3,97,73,040 | 44,69,688 | | 3,55,23,352 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 2,95,427 |
| ആകെ | 52,95,427 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52,95,427 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സൌത്ത് ഇൻഡ്യൻ ബാങ്ക് A/C No. 0902101000000513 | 23.5.22 | 1 വർഷം | 52,95,427 | |
| ആകെ | | | | 52,95,427 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,556/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-4(A) | 990 | അനിത ജെയിംസ്, ഡെപ്യൂട്ടി | 1220201508 തീ 19.07.2022 |

| | | | | |
|---|---|---|---|---|
| | | | ഡയറക്റ്റർ ഓഫ് അഗ്രിക്കൾച്ചർ, എറണാകുളം | |
| | 1999-2000 | 566 | എം.വിജയമ്മ | 1220200935 തീ. 30.05.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-32 | 2020-21 | 1-3 | വൈദ്യുതി ലൈൻവ്യാപനം-പ്രവൃത്തി ആരംഭിച്ചിട്ടില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,95,64,532 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,46,16,448 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51,967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,32,136 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12,020 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 1,319 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 3-3 | | 18,678 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 3-5 | | 4,615 | ശ്രീമതി.ജയശ്രീ കെ.വി., വി.ഇ.ഒ. |
| 3-6 | | 8,895 | ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് |
| 3-7 | | 6,440 | ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് |
| ആകെ | | 51,967 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 14,40,143 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 1-21 | 5,72,979 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 1-23 | 2,23,000 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 1-26 | 37,500 | ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് |
| 1-28 | 30,000 | ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് |
| 1-29 | 1,47,901 | ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് |
| 1-34 | 3,12,500 | ഡോ.സുരേഷ് പി.പണിക്കർ, സീനിയർ വെറ്ററിനറി സർജൻ |
| 1-35 | 68,113 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| ആകെ | 28,32,136 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | ആദായ നികുതി | 24,240 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| 3-4 | ജി.എസ്.ടി | 22,920 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| ആകെ | | 47,160 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.വിനോദ്, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | പട്ടത്താനം, അലവൂക്കുന്ന് പി.ഒ., ആലപ്പുഴ |
| ഡോ.സുരേഷ് പി.പണിക്കർ, സീനിയർ വെറ്ററിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഹോസ്പിറ്റൽ, കായിപ്പുറം | ആനന്ദനിവാസ്, മരുത്തോർവട്ടം, ചേർത്തല |
| ശ്രീമതി പി.വിമല, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ, മുഹമ്മ | പട്ടുവയിൽ, മായിത്തറ പി.ഒ., ചേർത്തല |
| ശ്രീമതി ജയശ്രീ കെ.വി. | വി.ഇ.ഒ. ഹെഡ് ക്വാർട്ടർ സർക്കിൾ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | തോപ്പിൽ ഹൗസ് SBI യ്ക്ക് സമീപം അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11 /17.1.2002 | 1 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11 /21.1.2002 | 6 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11 /19.1.2002 | 6 |
| 1999-2000 | കെ.എസ്.എ- | |

| | | |
|---|---|---|
| | എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11 /25.1.2002 | 13 |
| 2002-03 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2003-04 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2004-05 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11 /31.1.2002 | 19 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2008-09 - 2010-11 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2011-12 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2012-13 2013-14 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.5 /776/2022 /21.07.2022 | |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.5 | |

| | | |
|---|---|---|
| | /776/2022 /21.07.2022 | |
| 2017-18 | കെ.എസ്.എ-<br>എ.എൽ.പി/പി.5<br>/776/2022 /21.07.2022 | |
| 2018-19 | കെ.എസ്.എ-<br>എ.എൽ.പി/പി.5<br>/776/2022 /21.07.2022 | |
| 2019-2020 | കെ.എസ്.എ-<br>എ.എൽ.പി/പി5-346<br>/2021/12.04.21 | |
| 2020-21 | കെ.എസ്.എ-<br>എ.എൽ.പി/പി5-848<br>/2021/28.09.2021 | |
| 2021-22 | കെ.എസ്.എ-<br>എ.എൽ.പി/പി5-1557<br>/2022/26.12.2022 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Muhamma Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muhamma Grama Panchayat for the year 2022-2023

Date: 15/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Muhamma Grama Panchayat for the Year 2022-2023.

**1.Major Observations**

1.The land on which the Panchayat is located does not included as an asset.

2.The interest received from term deposit does not included as an asset.

**2.Other Observations**

1.The following mandatory statements prescribed in accounts rules are not submitted for audit

a).Cash flow statements

b).Notes to accounts

2.Cash flow statement- Net increase/Decrease in cash flow does not match with difference between the

opening balance and closing balance of the cash & cash equivalents.

3.Misclasification of Receipt voucher (Audit charge wrongly accounted in another head of account)

4.Amount shown as directly debited by bank in the reconciliation statement of the SBI E-payment (37037089950) account, action not taken to account the amounts.

5.Payment Voucher Misclasification- Advance to implementing agencies has not been booked in proper head of account

6.Advance given to various implementing agencies in previous years not settled so far.

7.There is a mismatch between the amounts in various registers and the amounts in the annual accounts

8.Demand entries has not been recorded in time.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്